الطهارة والصلاة - مليالم

# നമസ്കാരം


المكتب التعاوني للدعوة والإرشاد وتوعية الجاليات بالزلفي

9

هاتف: ٤٢٣٤٤٦٦ ٠١٦ - فاكس: ٤٢٣٤٤٧٧ ٠١٦

تعاوني الزلفي

# الطهارة والصلاة

## ترجمه إلى اللغة المليالم

## شعبة توعية الجاليات في الزلفي

الطبعة الأولى: ١/١٤٢٢ هـ.

ح المكتب التعاوني للدعوة والإرشاد وتوعية الجاليات بالزلفي ، ١٤٢٢هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

المكتب التعاوني للدعوة والإرشاد وتوعية الجاليات بالزلفي
الطهارة والصلاة - الزلفي.
٤٠ ص ؛ ١٢ × ١٧ سم
ردمك : ٩ - ٠٤ - ٨٦٤ - ٩٩٦٠
(النص باللغة المليالمية)
١ . االصلاة ٢- الطهارة (فقه إسلامي)
أ. العنوان
ديوي ٢٥٢,٢ ٢٢/٠٠٦٣

رقم الايداع ٢٢/٠٠٦٣
ردمك : ٩ - ٠٤ - ٨٦٤ - ٩٩٦٠

الصف والإخراج: شعبة توعية الجاليات في الزلفي

# الطهارة والصلاة
# ശുദ്ധി

### *മാലിന്യവും ശുദ്ധീകരണവും*

മഴ, സമുദ്രം എന്നിവ പോലെയുള്ളവയുടെ ജലമാണ് ശുദ്ധീകരണത്തിന് ഉപയോഗിക്കുക. ശുദ്ധീകരണത്തിനു ഉപയോഗിച്ച വെള്ളവും ഉപയോഗിക്കാം. ശുദ്ധിയായ ഒരു വസ്തു കലർന്നതാണെങ്കിലും വെള്ളം എന്ന അതിന്റെ പേര് അവശേഷിക്കുന്നുണ്ടെങ്കിൽ ആ വെള്ളവും ഉപയോഗിക്കാം. എന്നാൽ മാലിന്യം കലർന്ന വെള്ളം ഉപയോഗ യോഗ്യമല്ല. മാലിന്യം കലർന്നതിനാൽ വെള്ളത്തിന്റെ രുചി, വാസന, നിറം എന്നിവ മാറിയാൽ മാത്രമാണിത്. ഈ ഗുണങ്ങളൊന്നും മാറിയിട്ടില്ലെങ്കിൽ ആ ജലവും ഉപയോഗിക്കാം. നായ, പന്നി എന്നീ നജസായവ അല്ലാത്ത ജീവികൾ കുടിച്ചതിന്റെ ബാക്കിയുള്ള പാത്രത്തിലെ വെള്ളവും ശുദ്ധീകരണത്തിനു ഉപയോഗിക്കാം.

ഒരു മുസ്ലിം നിർബന്ധമായും കഴുകി വൃത്തിയാക്കിയിരിക്കേണ്ടവയാണ് മാലിന്യങ്ങൾ (നജസ്) എന്നു പറയപ്പെടുന്നത്. രക്തം പോലെ കാണപ്പെടുന്നതാണ് മാലിന്യമെങ്കിൽ അത് നീങ്ങുവോളം വസ്ത്രവും ശരീരവും കഴുകൽ നിർബന്ധമാണ്. കഴുകിയിട്ടും നീക്കാൻ കഴിയാതെ, അടയാളം അവശേഷിക്കുന്നുവെങ്കിൽ അതിൽ തെറ്റില്ല. മാലിന്യം കണ്ണു കൊണ്ട് കാണാൻ പറ്റാത്തതാണെങ്കിൽ ഒരു പ്രാവശ്യമെങ്കിലും കഴുകിയാൽ മതിയാകും.

നിലത്ത് മാലിന്യമായാൽ അവിടെ വെള്ളം ഒഴിച്ചാൽ ശുദ്ധമാകും. നിലത്തെ മാലിന്യം ദ്രവ രൂപത്തിലുള്ളതാണെങ്കിൽ അത് ഉണങ്ങുന്നതോടെ ശുദ്ധിയാകും. ഖര രൂപത്തിലുള്ളതാണെങ്കിൽ മാലിന്യം എടുത്തു നീക്കം ചെയ്താൽ മാത്രമേ ശുദ്ധമാകുകയുള്ളൂ.

# നജസിന്റെ വിധികൾ

1-മാലിന്യമാണോ അല്ലയോ എന്ന് വ്യക്തമല്ലാത്ത ഒരു വസ്തു ശരീരത്തി

ലായാൽ അതിനെ കുറിച്ചു അന്വേഷിക്കലോ കഴുകലോ നിർബന്ധമില്ല.

2-ഒരാൾ നമസ്കാര ശേഷം തന്റെ വസ്ത്രത്തിലോ ശരീരത്തിലോ മാലിന്യം കാണുന്നു, നമസ്കാരത്തിനു മുമ്പ് അത് അറിഞ്ഞിരുന്നില്ല, അല്ലെങ്കിൽ അിറഞ്ഞിരുന്നു പിന്നീട് മറന്നു പോയി, എന്നാൽ അയാളുടെ നമസ്കാരം സ്വീകാര്യമാണ്. മടക്കി നമസ്കരിക്കേണ്ടതില്ല.

3-മാലിന്യം വസ്ത്രത്തിലായ സ്ഥലം അറിയാതെ വന്നാൽ വസ്ത്രം മുഴുവൻ കഴുകൽ നിർബന്ധമാണ്.

**4-മാലിന്യങ്ങൾ പലവിധമാണ്.**

a-മലം, മൂത്രം.

b-വദ്‌യ്. മൂത്രത്തിന്റെ കൂടെ പുറത്തു വരുന്ന കട്ടിയുള്ള ദ്രാവകം.

c-മദ്‌യ്. ലൈംഗിക ഉത്തേജന സമയത്ത് പുറപ്പെടുന്ന വെളുത്ത കൊഴുപ്പുള്ള ദ്രാവകം (മദജലം).

ഈ മാലിന്യങ്ങൾ ശരീരത്തിലോ വസ്ത്രത്തിലോ ആയാൽ കഴുകൽ നിർബന്ധമാണ്. എന്നാൽ മനുഷ്യന്റെ ഇന്ദ്രിയം ശുദ്ധമാണ്. എന്നാലും ഇന്ദ്രിയം നനവോടെ ആണെങ്കിൽ കഴുകലും ഉണങ്ങിയതാണെങ്കിൽ തിരുമ്മി ക്കളയലും നല്ലതാണ്.

d-മാംസം ഭക്ഷ്യയോഗ്യമല്ലാത്ത ജീവികളുടെ മലവും മൂത്രവും നജസാണ്. മാംസം ഭക്ഷ്യയോഗ്യമായവയുടെ മലവും മൂത്രവും നജസല്ല.

# മലമൂത്ര വിസർജ്ജനം

മലമൂത്ര വിസർജ്ജന സമയത്ത് താഴെ പറയുന്ന മര്യാദകൾ പാലിച്ചിരിക്കണം.

1-വിസർജ്ജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ ഇടതു കാൽ മുന്തിച്ചു കൊണ്ട്;

بِسْمِ اللَّهِ،اَللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبْثِ وَالْخَبَائِثِ

**'അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽ ഖുബ്ഥി**

### വൽ ഖബാഇഥി'

എന്നു പറയുക.
അർത്ഥം: അല്ലാഹുവിന്റെ പേരിൽ, അല്ലാഹുവേ, എല്ലാ ചീത്തകളിൽ നിന്നും ഞാൻ നിന്നിൽ ശരണം തേടുന്നു.

പുറത്തു വരുമ്പോൾ:

### غُفْرَانَكَ ഗുഫ്റാനക

എന്നു പറയുക.
**അർത്ഥം: അല്ലാഹുവേ, എനിക്കു പൊറുത്തു തരിക.**

2-അല്ലാഹുവിന്റെ നാമം എഴുതപ്പെട്ട വസ്തുക്കൾ-നഷ്ടപ്പെട്ടേക്കുമെന്ന് ഭയപ്പെടാതിരിക്കുമ്പോൾ-കൂടെ കൊണ്ടു പോകാതിരിക്കുക.
3-തുറന്ന സ്ഥലങ്ങളിലായിരിക്കുമ്പോൾ ക്വിബ്ലക്ക് മുന്നിട്ടോ പിന്നിട്ടോ ഇരിക്കരുത്.
4-ജനങ്ങളിൽ നിന്ന് നഗ്നത മറച്ചു ഇരിക്കുക. അതിൽ അശ്രദ്ധ പാടില്ല. നമസ്കാരത്തിൽ പുരുഷന്റെ നഗ്നത കാൽമുട്ടിന്റെയും പൊക്കിളിന്റെയും ഇടയിലുള്ള ഭാഗവും, സ്ത്രീയുടേത് മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗങ്ങളുമാണ്.
5-മലം, മൂത്രം എന്നിവ ശരീരത്തിലോ വസ്ത്രത്തിലോ പുരളാതെ സൂക്ഷിക്കുക.
6-വിസർജ്ജനാനന്തരം വെള്ളം കൊണ്ട് ശുചീകരിക്കുക. വെള്ളം ലഭ്യമല്ലെങ്കിൽ കല്ല്, കടലാസ് എന്നിവ ഉപയോഗിച്ചു നജസിന്റെ അടയാളം നീക്കം ചെയ്യുക. ശുചീകരണത്തിനു ഇടതു കൈ മാത്രം ഉപയോഗിക്കുക.

# വുദു (അംഗശുദ്ധി)

വുദുവില്ലാതെ നമസ്കാരം സ്വീകാര്യമല്ല. നബി ﷺ പറഞ്ഞു:

((إنّ الله لآ يقبل صلاة أحدكم إذا أحدث حتى يتوضأ)) الترمذي وأبوداود

നിങ്ങളിൽ വുദു ഇല്ലാത്തവന്റെ നമസ്കാരം, അവൻ വുദു എടുക്കുന്ന

തു വരെ അല്ലാഹു സ്വീകരിക്കുകയില്ല. (തിർമിദീ, അബൂദാവൂദ്)

വുദുവിൽ ക്രമം പാലിക്കുക, തുടർച്ച എന്നിവയുണ്ടായിരിക്കണം. വെള്ളം ഉപയോഗിക്കുന്നതിൽ മിതത്വം പാലിക്കൽ സുന്നത്താകുന്നു. ഒരാൾ വുദു ചെയ്യുന്നത് കാണാനിടയായ പ്രവാചകൻ ﷺ അയാളോട് ഇങ്ങനെ പറഞ്ഞു: നീ അമിതം ചെയ്യരുത്, നീ അമിതം ചെയ്യരുത്.

# വുദുവിന്റെ രൂപം

1-മനസ്സിൽ നിയ്യത്തു ചെയ്യണം. നിയ്യത്ത് നാവു കൊണ്ട് ഉച്ചരിക്കരുത്. ഒരു കാര്യം ചെയ്യുന്നു എന്ന് മനസ്സിൽ കരുതുന്നതിനാണ് നിയ്യത്ത് എന്ന് പറയുക. അനന്തരം 'ബിസ്മില്ലാഹി' എന്ന് ചൊല്ലുക.

2-രണ്ടു കൈപ്പടങ്ങളും മൂന്നു പ്രാവശ്യം കഴുകുക.

3-മൂന്നു പ്രാവശ്യം വായിൽ വെള്ളം കൊള്ളുക, അതോടൊപ്പം മൂക്കിൽ വെള്ളം കയറ്റി ചീറ്റിക്കളയുക.

4-മുഖം മൂന്നു പ്രാവശ്യം കഴുകുക. ഒരു ചെവി മുതൽ മറു ചെവി വരെയും, തലയിൽ മുടി മുളക്കുന്ന സ്ഥലം മുതൽ താടിയെല്ലിന്റെ അടിഭാഗം വരെയുമാണ് മുഖം.

5-രണ്ടു കൈകളും വിരലറ്റം മുതൽ കൈമുട്ടുൾപ്പെടെ മൂന്നു പ്രാവശ്യം കഴുകുക. വലതിനെ മുന്തിക്കുക.

6-തല ഒരു പ്രാവശ്യം തടവുക. കൈ വെള്ളം നനച്ച ശേഷം തലയുടെ മുൻഭാഗത്തു നിന്ന് തുടങ്ങി പിരടി വരെ തടവുക. പിന്നീട് തുടങ്ങിയ സ്ഥാനത്തേക്ക് തന്നെ മടക്കുക.

7-ചെവി ഒരു പ്രാവശ്യം തടവുക. ചൂണ്ടുവിരൽ ചെവിക്കുള്ളിൽ വെച്ചു, പെരുവിരൽ കൊണ്ട് ചെവിയുടെ പുറഭാഗം തടവുക.


8-രണ്ടു കാലുകളും വിരലറ്റം മുതൽ നെരിയാണി ഉൾപ്പെടെ മൂന്നുവട്ടം കഴുകുക. വലതു കാൽ ആദ്യം, പിന്നീട് ഇടതു കാൽ.

9-വുദുവിനു ശേഷം;

أشهد أن لآ إله إلا الله وحده لآ شريك له وأشهد أن محمدا
عبده ورسوله

**അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക ലഹൂ, വഅശ്ഹദു അന്ന മുഹെമ്മദൻ അബ്ദുഹൂ വ റസൂലുഹൂ.**

എന്ന, നബി ﷺ യിൽ നിന്നു സ്ഥിരപ്പെട്ട പ്രാർത്ഥന ചൊല്ലുക.



# പാദരക്ഷയിൽ തടവൽ

വുദു ചെയ്യുമ്പോൾ കാലിൽ ധരിക്കുന്ന മേൽജോഡി (പാദരക്ഷ) അഴിക്കാതെ അതിന്മേൽ തടവാൻ ഇസ്‌ലാം അനുവാദം നൽകുന്നു. നബി ﷺ യിൽ നിന്ന് ഇക്കാര്യം സ്ഥിരപ്പെട്ടിരിക്കുന്നു.

عن أبي جعفر بن عمرو أنه قال: ((رأيت رسول الله يمسح على عمامته وخفيه)) البخاري

അബൂജഅ്ഫറുബ്നു അംറിൽ നിന്ന് നിവേദനം; അദ്ദേഹം പറയുന്നു: നബി ﷺ തന്റെ തലപ്പാവിലും പാദരക്ഷയിലും തടവുന്നതായി ഞാൻ കണ്ടു. (ബുഖാരി)

وعن المغيرة بن شعبة قال:(( بينا أنا مع رسول الله ﷺ ذات ليلة إذ نزل فقضى حاجته ثم جاء فصببت عليه من إداوة كانت معي فتوضأ ومسح على خفيه)) مسلم

മുഗീറതുബ്നു ശുഅ്ബയിൽ നിന്നു നിവേദനം; ഒരു രാത്രി ഞാൻ നബി ﷺ യുടെ കൂടെ ആയിരിക്കെ അദ്ദേഹം മലമൂത്ര വിസർജ്ജനം കഴിഞ്ഞു വന്നു. എന്റെ കയ്യിലുണ്ടായിരുന്ന ഒരു പാത്രത്തിൽ നിന്നും ഞാൻ അദ്ദേഹത്തിനു വെള്ളം ഒഴിച്ചു കൊടുത്തു. അദ്ദേഹം വുദു ചെയ്തു. അദ്ദേഹത്തിന്റെ പാദരക്ഷയിൽ തടവുകയും ചെയ്തു. (മുസ്‌ലിം)

## ഈ തടവലിനു ചില നിബന്ധനകൾ പാലിച്ചിരിക്കണം.

a-അവ വുദു ചെയ്ത ശേഷം (വുദുവോടു കൂടി) ധരിച്ചതായിരിക്കണം.

b-പാദരക്ഷയുടെ മുകളിലാണ് തടവുക. അടിഭാഗത്തല്ല.

C-നാട്ടിൽ താമസിക്കുന്നവൻ ഒരു രാവും ഒരു പകലും മാത്രമേ തടവാൻ പാടുള്ളൂ.

d-യാത്രക്കാരന് മൂന്നു രാവും മൂന്നു പകലും തടവാം.

## തടവൽ ബാത്വിൽ (നിഷ്ഫലം) ആകുന്നതെപ്പോൾ?

1-നിശ്ചിത സമയം കഴിഞ്ഞാൽ.

2-തടവിയതിനു ശേഷം അഴിച്ചാൽ.
3-ജനാബത് (വലിയ അശുദ്ധി) ഉണ്ടായാൽ. അപ്പോൾ അഴിച്ചു വെച്ച് കുളിക്കണം.

## വുദു മുറിയുന്ന കാര്യങ്ങൾ

1-മുൻ പിൻ ദ്വാരങ്ങളിലൂടെ മലം, മൂത്രം, വായു, ഇന്ദ്രിയം, മദ്‌യ്, വദ്‌യ് എന്നിവ ഏതെങ്കിലും പുറപ്പെടുക. ഇന്ദ്രിയ സ്ഖലനം ഉണ്ടായാൽ കുളി നിർബന്ധമാണ്.
2-ഉറക്കം.
3-മറ കൂടാതെ ഗുഹ്യാവയവം തൊടുക.
4-ഒട്ടകത്തിന്റെ മാംസം ഭക്ഷിക്കുക.
5-സ്വബോധം നഷ്ടപ്പെടുക.

## കുളി

'വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയാകാൻ' എന്ന നിയ്യത്തോടെ ശരീരം മുഴുവൻ വെള്ളം ഒഴുക്കി കഴുകുന്നതിനാണ് കുളി എന്നു പറയുന്നത്. കുളിക്കുമ്പോൾ ശരീരത്തിന്റെ മുഴുവൻ ഭാഗവും നനയുകയും വായിൽ വെള്ളം കൊപ്ളിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും വേണം.

### അഞ്ചു കാരണങ്ങളാൽ കുളി നിർബന്ധമാകും:

1-സ്ത്രീ പുരുഷന്മാരിൽ നിന്ന് ഉറക്കത്തിലോ ഉണർന്നിരിക്കുമ്പോളോ വികാരോത്തേജനത്തോടു കൂടി ഇന്ദ്രിയ സ്ഖലനം സംഭവിക്കുക. വൈകാരിക ഉത്തേജനം ഇല്ലാതെ (ഉദാ: രോഗം, ഭയം, പരിഭ്രമം) സ്ഖലനം നടന്നാൽ കുളി നിർബന്ധമില്ല. സ്വപ്നം ഉണ്ടായി, പക്ഷെ ഇന്ദ്രിയം പുറത്തു വന്നതായി കണ്ടില്ല, എങ്കിൽ കുളി നിർബന്ധമില്ല. ഇന്ദ്രിയം കാണപ്പെട്ടാൽ കുളിക്കണം.
2-സ്ത്രീ പുരുഷ ലൈംഗിക ബന്ധം. പുരുഷന്റെ ലിംഗാഗ്രം സ്ത്രീയുടെ ലൈംഗികാവയവത്തിൽ പ്രവേശിച്ചാൽ മാത്രം മതി, ഇന്ദ്രിയ സ്ഖലനം നടന്നിട്ടില്ലെങ്കിലും കുളി നിർബന്ധമാകും.

3-സ്ത്രീകൾ; ആർത്തവം, പ്രസവാശുദ്ധി എന്നിവയിൽ നിന്ന് ശുദ്ധമാകൽ.

4-മരണം. മൃതശരീരത്തെ കുളിപ്പിക്കൽ നിർബന്ധമാകുന്നു.

5-അമുസ്‌ലിം മുസ്‌ലിമാകുമ്പോൾ.

**വലിയ അശുദ്ധി(ജനാബത്ത്)ഉള്ളവന് പാടില്ലാത്ത കാര്യങ്ങൾ:**

1-മുസ്വ്ഹഫ് തൊടുക, അതു കൊണ്ടു നടക്കുക, രഹസ്യമായോ ഉച്ചത്തിലോ ക്വുർആൻ പാരായണം ചെയ്യുക. അത് മുസ്വ്ഹഫ് നോക്കിയായാലും മനഃപാഠമായാലും പാടില്ല.

2-പള്ളിയിൽ തങ്ങുക. ജനാബതുകാരനോ ആർത്തവകാരിക്കോ ഇതു പാടില്ല. എന്നാൽ പള്ളിയിലൂടെ നടന്നു പോകുന്നതിൽ തെറ്റില്ല.

# തയമ്മും

വുദു, കുളി എന്നിവക്കു പകരമായി (കൈ മണ്ണിൽ അടിച്ചു കൊണ്ട് തടവുന്ന) തയമ്മും ചെയ്യാം. ഇത് യാത്രയിലും അല്ലാത്തപ്പോഴും അനുവദനീയമാണ്. താഴെ പറയുന്നവയാണ് അതിനുള്ള കാരണങ്ങൾ:

1-വെള്ളം ലഭ്യമല്ലാത്തപ്പോൾ. അല്ലെങ്കിൽ വെള്ളം ഉണ്ട്, ശുദ്ധീകരണത്തിനു തികയില്ല. അന്നേരം ആദ്യം വെള്ളം അന്വേഷിക്കണം. ലഭ്യമായില്ലെങ്കിൽ മാത്രം തയമ്മും ചെയ്യുക. വെള്ളം സമീപത്തു തന്നെയുണ്ട്. പക്ഷെ അത് അന്വേഷിച്ചു പോയാൽ സ്വശരീരത്തിനോ സമ്പത്തിനോ അപകടം വരുമെന്ന് ഭയപ്പെട്ടാൽ തയമ്മും ചെയ്യാം.

2-ശുദ്ധീകരിക്കേണ്ട അവയവങ്ങളിൽ ഏതെങ്കിലും ഒന്നിൽ മുറിവോ വ്യണമോ ഉണ്ടായാലും കഴുകണം. കഴുകാൻ വിഷമമാണെങ്കിൽ കൈ വെള്ളം നനച്ചു തടവണം. തടവുന്നതു വിഷമമാണെങ്കിൽ തയമ്മും ചെയ്യണം.

3-വെള്ളമോ അന്തരീക്ഷമോ അതി ശൈത്യമുള്ളതാവുകയും, വെള്ളം ഉപയോഗിച്ചാൽ അപകടം പിണയുമെന്ന് ഭയപ്പെടുകയും ചെയ്താൽ.

4-കയ്യിൽ വെള്ളമുണ്ട്. പക്ഷെ അത് കുടിക്കാൻ മാത്രമേ തികയുകയുള്ളൂ. അന്നേരവും തയമ്മും ചെയ്യാം.

## തയമ്മുമിന്റെ രൂപം

നിയ്യത്തോടു കൂടി രണ്ടു കൈപ്പടങ്ങളും മണ്ണിൽ ഒരു പ്രാവശ്യം അടിക്കുക. പിന്നീട് മുഖവും മുൻകയ്യും തടവുക.
വുദു മുറിയുന്ന മുഴുവൻ കാരണങ്ങളാലും തയമ്മും മുറിയും. വെള്ളം ലഭിക്കാത്തതിനാൽ തയമ്മും ചെയ്ത ആൾക്ക് നമസ്കാരത്തിനു മുമ്പോ നമസ്കാരത്തിന്നിടയിലോ വെള്ളം ലഭ്യമായാൽ തയമ്മും മുറിയും. നമസ്കാരത്തിൽ നിന്നു വിരമിച്ച ശേഷമാണെങ്കിൽ നമസ്കാരം സ്വഹീഹാകും (മടക്കി നമസ്കരിക്കേണ്ടതില്ല.)

# നമസ്കാരം

1-ഇസ്ലാം കാര്യങ്ങളിൽ രണ്ടാമത്തേതാകുന്നു നമസ്കാരം. ബുദ്ധിയുള്ള, പ്രായപൂർത്തിയെത്തിയ മുസ്‌ലിം സ്ത്രീക്കും പുരുഷനും അതു നിർബന്ധമാകുന്നു. നമസ്കാരം ഉപേക്ഷിക്കുന്നവൻ കാഫിറാണെന്ന് പണ്ഡിതർ ഏകോപിച്ചു അഭിപ്രായപ്പെട്ടിരിക്കുന്നു. അന്ത്യനാളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുന്ന മനുഷ്യ പ്രവർത്തനം നമസ്കാരമായിരിക്കും.

2-ഒരു ദിവസത്തെ അഞ്ചു നമസ്കാരങ്ങളും പള്ളിയിൽ വെച്ചു ജമാഅഃത്ത് (സംഘം) ആയി നമസ്കരിക്കൽ പുരുഷന്മാർക്ക് നിർബന്ധമാകുന്നു. സ്വുബ്ഹ്, ദ്വുഹ്റ്, അസ്വ്ർ, മഗ്‌രിബ്, ഇശാഅ് എന്നിവയാണ് ഈ അഞ്ചു നമസ്കാരങ്ങൾ. പള്ളിയിലേക്ക് ശാന്തമായി, ഗാംഭീര്യത്തോടെയാണ് മുസ്‌ലിം വരേണ്ടത്. പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിനു മുമ്പ് രണ്ടു റക്അഃത്ത് നമസ്കരിക്കൽ സുന്നത്താകുന്നു.

3- നഗ്നത മറക്കൽ നമസ്കാരത്തിന്റെ നിബന്ധനയാകുന്നു. പുരുഷന്റെ നഗ്നത കാൽമുട്ടിന്റെയും പൊക്കിളിന്റെയും ഇടയിലുള്ള ഭാഗവും, സ്ത്രീയുടേത് മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗങ്ങളുമാണ്. ക്വിബ്‌ല (മക്കയിലുള്ള കഅഃബ)ക്കു അഭിമുഖമായി നമസ്കരിക്കുക എന്നത് നമസ്കാരം സ്വീകാര്യമായിത്തീരാനുള്ള നിബന്ധനയാകുന്നു.

4-ഓരോ നമസ്കാരവും അതിന്റെ കൃത്യസമയത്തു തന്നെ നിർവ്വഹിക്കണം. സമയത്തിനു മുമ്പ് നിർവ്വഹിക്കുന്ന നമസ്കാരം സ്വീകാര്യമാവുക

യില്ല. കൃത്യ സമയത്തിൽ നിന്നും പിന്തിക്കുന്നതും നിഷിദ്ധമാണ്.

## നമസ്കാര സമയങ്ങൾ

| | | |
|---|---|---|
| 1 | ദ്വുഹ്ർ | സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നു തെറ്റിയതു മുതൽ ഒരു വസ്തുവിന്റെ നിഴൽ ആ വസ്തുവോളം ആകുന്നതു വരെ. |
| 2 | അസ്വ്ർ | ഒരു വസ്തുവിന്റെ നിഴൽ ആ വസ്തുവോളം ആയതു മുതൽ സൂര്യാസ്തമയം വരെ. |
| 3 | മഗ്രിബ് | ഗൂര്യാസ്തമയം മുതൽ അസ്തമയ ശോഭ മായുന്നതു വരെ. |
| 4 | ഇശാഅ് | അസ്തമയ ശോഭ മാഞ്ഞതു മുതൽ അർദ്ധ രാത്രി വരെ. |
| 5 | ഫജ്ർ | ഉണ്മ പ്രഭാതം മുതൽ സൂര്യോദയം വരെ. |

## നമസ്കാരത്തിന്റെ രൂപം

നമസ്കാരത്തിൽ ഭയഭക്തിയും അടക്കവും അനിവാര്യമാണ്. നമസ്കാരത്തിന്റെ രൂപം താഴെ പറയുന്നു:

1-നമസ്കരിക്കുന്നവൻ പൂർണ്ണമായി ക്വിബ്‌ലക്ക് അഭിമുഖമായി നിൽക്കുക.

2-നിർവ്വഹിക്കാൻ പോകുന്ന നമസ്കാരത്തെ മനസ്സിൽ കരുതുക. നാവു കൊണ്ട് പറയരുത്.

3-الله أكبر (അല്ലാഹു അക്ബർ) എന്ന് തക്ബീർ ചൊല്ലുക. ഈ തക്ബീറിന് 'തക്ബീറതുൽ ഇഹ്റാം' എന്നു പറയുന്നു. തക്ബീർ ചൊല്ലുമ്പോൾ കൈപ്പടങ്ങൾ രണ്ടും ചുമലിനു നേരെയോ ചെവിക്കു നേരെയോ ഉയർത്തുക.

4-വലതു കൈപ്പത്തി ഇടതു കൈപ്പത്തിക്കു പുറത്തായിക്കൊണ്ട് നെഞ്ചത്തു വെക്കുക.

5-പ്രാരംഭ പ്രാർത്ഥന ചൊല്ലുക. അതിപ്രകാരമാകാം:

**سبحانك اللهم وبحمدك، وتبارك اسمك، وتعالى جدك ولآ إله غيرك**

**സുബ്ഹേനകല്ലാഹുമ്മ വബി ഹംദിക, വതബാറകസ്മുക, വതആലാ ജദ്ദുക, വലാ ഇലാഹ ഗയ്റുക.**

**അർത്ഥം**: അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നിന്റെ നാമം പരിശുദ്ധമാകുന്നു. നിന്റെ കഴിവുകൾ പരമോന്നതമാകുന്നു. നീയൊഴികെ ആരാധ്യനില്ല*.

6- أعوذ بالله من الشيطان الرجيم (അഊദു ബില്ലാഹി മിനശ്ശെത്വാനിർ-റജീം) എന്ന് ചൊല്ലുക.

**അർത്ഥം**: ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു.

---

*പ്രാരംഭ പ്രാർത്ഥനയുടെ മറ്റൊരു രൂപം:

اللهم باعد بيني وبين خطاياي كما باعدت بين المشرق والمغرب اللهم نقني من خطاياي كما ينقى الثوب الأبيض من الدنس اللهم اغسلني من خطاياي بالثلج والماء والبرد

**അല്ലാഹുമ്മ ബാഇദ് ബൈനീ വബൈന ഖത്വായായ കമാ ബാഅദ്ത ബയ്നൽ മശ്രികി വൽ മഗ്രിബ്. അല്ലാഹുമ്മ നക്കിനീ മിൻ ഖത്വായായ കമാ യുനക്കാ ഥ്ഥൗബുൽ അബ്‌യദു മിനദ്ദനസ്. അല്ലാഹുമ്മ ഗ്സിൽനീ മിൻ ഖത്വായായ ബിഥ്ഥൽജി വൽമാഇ വൽ ബറദി.**

അല്ലാഹുവേ, കിഴക്കും പടിഞ്ഞാറും നീ അകറ്റി നിർത്തയതു പോലെ എന്നെയും പാപങ്ങളെയും തമ്മിൽ അകറ്റേണമേ. വെള്ളവസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കപ്പെടുന്നതു പോലെ എന്നെ തെറ്റുകളിൽ നിന്ന് ശുദ്ധീകരിക്കേണമേ. മഞ്ഞ്, വെള്ളം എന്നിവ കൊണ്ട് എന്റെ പാപങ്ങളെ കഴുകിക്കളയേണമേ.

7-بسم الله الرحمن الرحيم (ബിസ്മില്ലാഹിർ-റഹ്മാനിർ-റഹീം) എന്ന് ചൊല്ലുക.

**അർത്ഥം**: പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

തുടർന്ന് സൂറതുൽ ഫാതിഹെ പാരായണം ചെയ്യുക. അതിപ്രകാരമാണ്:

الحمد لله رب العالمين (١)

സ്തുതിയെല്ലാം സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു.

الرحمن الرحيم (٢) ملك يوم الدين (٣)

പരമകാരുണികനും കരുണാനിധിയും, പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥനുമായ (അല്ലാഹുവിന്).

إياك نعبد وإياك نستعين (٤)

നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു.

اهدنا الصراط المستقيم (٥) صراط الذين أنعمت عليهم (٦) غير المغضوب عليهم ولآ الضالين (٧)

ഞങ്ങളെ നീ നേർമാർഗ്ഗത്തിൽ, അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർക്കേണമേ. കോപത്തിന്നിരയായവരുടെ മാർഗ്ഗത്തിലല്ല, പിഴച്ചു പോയവരുടെ മാർഗ്ഗത്തിലുമല്ല.

**അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ. അർറഹ്മാനിർറഹീം. മാലികി യൗമിദ്ദീൻ. ഇയ്യാക നഅ്ബുദു വഇയ്യാക നസ്തഈൻ. ഇഹ്ദിനസ്സ്വിറാതൽ മുസ്തക്വീം. സ്വിറാതല്ലദീന അൻഅംത അലൈഹിം ഗൈരിൽ മഗ്ദ്വൂബി അലൈഹിം വലദ്ദ്വാല്ലീൻ. ആമീൻ.**

8-ശേഷം ക്വുർആനിൽ നിന്നും അറിയാവുന്നത് ഓതുക.

ക്വുർആനിൽ നിന്നുള്ള അവസാനത്തെ ചെറിയ മൂന്നു അദ്ധ്യായങ്ങൾ താഴെ കൊടുക്കുന്നു:

ഇഖ്ലാസ്വ് (നിഷ്കളങ്കത) വചനങ്ങൾ-4

| | |
|---|---|
| പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമ ത്തിൽ. | بسم الله الرحمن الرحيم |
| 1-(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാ ണ്. | قل هو الله أحد |
| 2-അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. | الله الصمد |
| 3-അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. | لم يلد ولم يولد |
| 4-അവന്ന് തുല്യനായി ആരും തന്നെയില്ല. | ولم يكن له كفوا أحد |

ക്വുൽ ഹുവല്ലാഹു അഹദ്, അല്ലാഹു സ്സ്വമദ്, ലം യലിദ് വലം യൂലദ്, വലം യകുൻ ലഹൂ കുഫുവൻ അഹദ്.

ഫലക്വ് (പുലരി) വചനങ്ങൾ-5

| | |
|---|---|
| പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. | بسم الله الرحمن الرحيم |
| 1-പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. | قل أعوذ برب الفلق |
| 2-അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്നും. | من شر ما خلق |
| 3-ഇരുളടയുമ്പോളുള്ള രാത്രിയുടെ കെടുതിയിൽ നിന്നും. | ومن شر غاسق إذا وقب |
| 4-കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽ നിന്നും. | ومن شر النفاثات في العقد |

5-അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും. ومن شــر حاسـد إذا حسد

ക്വുൽ അഊദു ബിറബ്ബിൽ ഫലക്വ്, മിൻ ശർരി മാ ഖലക്വ്, വമിൻ ശർരി ഗ്വാസിക്വിൻ ഇദാ വക്വബ്, വമിൻ ശർരിന്നഫ്ഫാഥാതി ഫിൽ ഉക്വദ്, വമിൻ ശർരി ഹേസിദിൻ ഇദാ ഹെസദ്.

നാസ് (ജനങ്ങൾ) വചനങ്ങൾ-6

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. بســم الله الرحمــن الرحيم

1-3 പറയുക: മനുഷ്യരുടെ രക്ഷിതാവും, മനുഷ്യരുടെ രാജാവും, മനുഷ്യരുടെ ദൈവവുമായിട്ടുള്ളവനോട് ഞാൻ ശരണം തേടുന്നു. قل أعوذ برب الناس * ملك النـــاس * إلــه الناس *

4-6 മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിന്മാറിക്കളയുന്ന, മനുഷ്യരിലും ജിന്നുകളിലും പെട്ട ദുർബോധകരെ കൊണ്ടുള്ള കെടുതിയിൽ നിന്നും. من شر الوسواس الخناس * الذي يوسوس في صــدور الناس * من الجنة والناس

ക്വുൽ അഊദു ബിറബ്ബിന്നാസ്, മലികിന്നാസ്, ഇലാഹിന്നാസ്, മിൻ ശെർരിൽ വസ്വാസിൽ ഖന്നാസ്, അല്ലദീ യുവസ്വിസു ഫീ സ്വുദൂരിന്നാസ്, മിനൽ ജിന്നതി വന്നാസ്.

9-രണ്ടു കൈപ്പടങ്ങളും ചുമലിനു നേരെ ഉയർത്തിക്കൊണ്ട് الله أكــبر (അല്ലാഹു അക്ബർ) എന്നു പറഞ്ഞു കൊണ്ട് റുകൂഅ് ചെയ്യുക. റുകൂഇൽ (കുമ്പിട്ടു നിൽക്കുമ്പോൾ) കൈവിരലുകൾ വിടർത്തി കാൽ മുട്ടിൽ വെക്കണം. റുകൂഇൽ;

**سبحان ربي العظيم(സുബ്ഹേന റബ്ബിയൽ അദ്വീം)**

എന്ന് പറയുക.

**അർത്ഥം:** മഹാനായ എന്റെ നാഥൻ പരിശുദ്ധൻ.

ഇതു മൂന്നു പ്രാവശ്യം പറയൽ സുന്നത്താകുന്നു. ഇതല്ലാത്ത, നബിയിൽ നിന്നു സ്ഥിരപ്പെട്ട മറ്റു പ്രാർത്ഥനകളും ആകാവുന്നതാണ്. ഏതു പ്രാർത്ഥനയും ചുരുങ്ങിയത് ഒരു പ്രാവശ്യമെങ്കിലും ചൊല്ലിയിരിക്കണം.

10-പിന്നീട്

**سمع الله لمن حمده (സമിഅല്ലാഹു ലിമൻ ഹെമിദ)**

(സ്തുതിച്ചവന്റെ സ്തുതി അല്ലാഹു കേട്ടിരിക്കുന്നു) എന്നു പറഞ്ഞു കൊണ്ട് റുകൂഇൽ നിന്ന് തല ഉയർത്തുക.

ഉയരുമ്പോൾ കൈകൾ രണ്ടും ചുമലിനു നേരെ ഉയർത്തുക.

ഇമാമിന്റെ കൂടെയാണ് നമസ്കരിക്കുന്നതെങ്കിൽ ഉയരുമ്പോൾ **سمع الله لمن حمده** എന്നതിനു പകരം

**ربنا ولك الحمد (റബ്ബനാ വലകൽ ഹെംദു)**

എന്നാണ് ചൊല്ലുക. വലതു കൈപ്പത്തി ഇടതു കൈപ്പത്തിക്കു മുകളിലായി നെഞ്ചത്തു വെക്കുക.

11-ഈ നിറുത്തത്തിൽ

ربنا لك الحمد ملء السماوات وملء الأرض وملء ما شئت من شيء بعد

**'റബ്ബനാ ലകൽ ഹെംദു മിൽഅസ്സമാവാതി വമിൽഅൽ അർദ്വി വമിൽഅ മാശിഅ്ത മിൻ ശൈഇൻ ബഅ്ദു'**

എന്ന് ചൊല്ലുക.

**അർത്ഥം:** ഞങ്ങളുടെ നാഥാ, ആകാശങ്ങൾ നിറയെയും ഭൂമി നിറയെയും അവക്കപ്പുറം നീ ഉദ്ദേശിച്ച വസ്തു നിറയെയുമുള്ള സ്തുതികൾ നിനക്കു മാത്രമാകുന്നു.

12-പിന്നീട് അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് സുജൂദ് ചെയ്യുക. ഏഴു അവയവങ്ങളിലാണ് സുജൂദ് ചെയ്യേണ്ടത്. മൂക്കു നിലത്തു തട്ടുന്ന രൂപത്തിൽ നെറ്റി വെക്കുക. രണ്ടു കൈപ്പടങ്ങളുടെ വെള്ള, രണ്ടു കാൽമുട്ടുകൾ, രണ്ടു കാൽപാദങ്ങളുടെ അറ്റങ്ങൾ എന്നിവയാണ് ഏഴു അവയവങ്ങൾ. രണ്ടു കൈദുജങ്ങളെയും പാർശ്വങ്ങളിൽ നിന്ന് വിടർത്തി വെക്കണം. കാൽ വിരലുകൾ ക്വിബ്‌ലക്കഭിമുഖമായി വെക്കണം. സുജൂദിൽ:

سبحان ربي الأعلى

**(സുബ്ഹേന റബ്ബിയൽ അഅ്ലാ)**

എന്നു മൂന്നു പ്രാവശ്യം ചൊല്ലൽ സുന്നത്താകുന്നു.

**അർത്ഥം**: ഏറ്റവും ഉന്നതനായ എന്റെ നാഥൻ പരിശുദ്ധൻ.

ഇത് ചൊല്ലുന്നത് ഒരു പ്രാവശ്യമാണെങ്കിലും മതിയാകും. ഇതല്ലാത്ത മറ്റു പ്രാർത്ഥനകളും സുജൂദിൽ ചൊല്ലാവുന്നതാണ്.

13-അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് സുജൂദിൽ നിന്ന് ഉയരുക. വലതു കാൽപാദം നാട്ടിവെച്ച്, ഇടതു കാൽപാദത്തിന്മേൽ ചന്തിയൂന്നി ഇടയിലെ ഇരുത്തം ഇരിക്കുക. ഈ ഇരുത്തത്തിനു 'ഇഫ്തിറാശ്' എന്നാണ് പറയുക. രണ്ടു കൈപ്പത്തികളും തുടയുടെ അറ്റത്ത് കാൽമുട്ടിനു മുകളിലായി വക്കുക. ഇരുത്തത്തിൽ:

رب اغفر لي وارحمني واهدني وارزقني واجبرني وعافني

**റബ്ബിഗ്ഫിർ ലീ, വർഹംനീ, വഹ്ദിനീ, വർസുക്വ്നീ, വജ്ബുർനീ, വആഫിനീ**

എന്നു ചൊല്ലുക.

**അർത്ഥം**: അല്ലാഹുവേ, എനിക്കു പാപങ്ങൾ പൊറുത്തു തരുകയും, കരുണ ചെയ്യുകയും, എന്നെ നേർവഴിയിലാക്കുകയും, എനിക്ക് ആഹാരം നൽകുകയും, എന്റെ ന്യൂനത പരിഹരിക്കുകയും, എനിക്ക് സുഖം നൽകുകയും ചെയ്യേണമേ.

14-പിന്നീട് ആദ്യത്തെ പോലെ തന്നെ രണ്ടാമത്തെ സുജൂദും ചെയ്യുക.

15-പിന്നീട് الله أكـــبر (അല്ലാഹു അക്ബർ) എന്നു പറഞ്ഞു കൊണ്ട് എഴുന്നേറ്റു നിൽക്കുക. ഒന്നാമത്തെ റക്അഃത്തിൽ ചെയ്തതു പോലെ-പ്രാരംഭ പ്രാർത്ഥന ഒഴികെ-എല്ലാം ചെയ്യുക. രണ്ടാം റക്അഃത്തിലെ രണ്ടാം സുജൂദിനു ശേഷം ഇരിക്കുക. ഈ ഇരുത്തത്തിൽ തശഹ്ഹുദ് ചൊല്ലുക. അതിപ്രകാരമാണ്:

التحيات لله والصلوات والطيبات، السلام عليك أيها النبي ورحمة الله وبركاته، السلام علينا وعلى عباد الله الصالحين، أشهد أن لآ إله إلا الله وأشهد أن محمدا عبده ورسوله

**അത്തഹിയ്യാതു ലില്ലാഹി, വസ്സ്വലവാതു, വത്ത്വയ്യിബാതു, അസ്സലാമു അലൈക, അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാതുഹൂ, അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്സ്വാലിഹീൻ. അശ്ഹദു അൻ-ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹെമ്മദൻ അബ്ദുഹൂ വറസൂലുഹൂ.**

**അർത്ഥം**: എല്ലാ അഭിവാദനങ്ങളും ആരാധനകളും നന്മയുള്ള കാര്യങ്ങളും അല്ലാഹുവിനാകുന്നു. പ്രവാചകന് അല്ലാഹുവിന്റെ കരുണാകടാക്ഷങ്ങൾ ഉണ്ടാകുമാറാകട്ടെ. ഞങ്ങൾക്കും നല്ലവരായ അല്ലാഹുവിന്റെ ദാസർക്കും രക്ഷ നൽകണമേ. ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹെമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

أشهد أن لآ إله إلا الله وأشهد أن محمدا عبده ورسوله

**എന്ന് പറയുമ്പോൾ വലതു കയ്യിലെ ചൂണ്ടുവിരൽ ഉയർത്തണം. തുടർന്ന് നബിയുടെ പേരിൽ സ്വലാത് ചൊല്ലുക. അതിപ്രകാരമാകുന്നു:**

اللهم صل على محمد وعلى آل محمد كما صليت على إبراهيم وعلى آل إبراهيم إنك حميد مجيد. اللهم بارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم إنك حميد مجيد.

**അല്ലാഹുമ്മ സ്വല്ലി അലാ മുഹെമ്മദിൻ വഅലാ ആലി മുഹെമ്മദിൻ കമാ സ്വല്ലയ്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹെമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹെമ്മദിൻ വഅലാ ആലി മുഹെമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാ ഹീമ ഇന്നക ഹെമീദുൻ മജീദ്.**

**അർത്ഥം**: അല്ലാഹുവേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ കരുണ ചെയ്തതു പോലെ മുഹെമ്മദു നബിക്കും കുടുംബത്തിനും നീ കരുണ ചെയ്യേണമേ. നീ ഉന്നതനും സ്തുത്യാർഹനുമാകുന്നു. ഇ ബ്റാഹീം നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തതു പോലെ മുഹെമ്മദു നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെ യ്യേണമേ. നീ ഉന്നതനും സ്തുത്യാർഹനുമാകുന്നു.

പിന്നീട് ഈ പ്രാർത്ഥന ചൊല്ലുക:

أعوذ بالله من عذاب جهنم، ومن عذاب القبر، ومن فتنة المحيا والممات، ومن فتنة المسيح الدجال.

**അഊദു ബില്ലാഹി മിൻ അദാബി ജഹന്നമ, വമിൻ അദാ ബിൽ ക്വബ്രി, വമിൻ ഫിത്നതിൽ മഹ്യാ വൽ മമാതി വമി ൻ ഫിത്നതിൽ മസീഹിദ്ദജ്ജാൽ.**

**അർത്ഥം**: നരക ശിക്ഷയിൽ നിന്നും, ക്വബ്റിലെ ശിക്ഷയിൽ നിന്നും, ജീവിത മരണങ്ങളിലെ പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലി ന്റെ കുഴപ്പത്തിൽ നിന്നും ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു.

ശേഷം ഇഹപര നന്മക്കായുള്ള ഏതു പ്രാർത്ഥനയും നടത്താവുന്ന താണ്.

16-പിന്നീട്

السلام عليكم ورحمة الله

**(അസ്സലാമു അലൈകും വറഹ്മതുല്ലാഹി)**


എന്നു പറഞ്ഞു കൊണ്ട് ആദ്യം വലതു വശത്തേക്കും പിന്നീട് ഇടതു വശത്തേക്കും സലാം വീട്ടണം.

രണ്ടു റക്അഃതുള്ള നമസ്കാരം ഇതോടെ അവസാനിക്കും.

മൂന്നു റക്അഃതുള്ള മഗ്രിബ്, നാലു റക്അഃതുള്ള ദ്വുഹ്ർ, അസ്വ്ർ, ഇ ശാഅ് എന്നീ നമസ്കാരങ്ങളാണ് നിർവ്വഹിക്കുന്നതെങ്കിൽ തശഹ്ഹു ദിൽ اشهد أن محمدا رسول الله എന്ന് ചൊല്ലിയാൽ, അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് എഴുന്നേറ്റു നിൽക്കണം. എഴുന്നേൽക്കു മ്പോൾ കൈപ്പടങ്ങൾ രണ്ടും ചുമലിനു നേരെ ഉയർത്തി അനന്തരം ഇടതു കൈപ്പത്തിക്കു പുറത്തു വലതു കൈപ്പത്തി വെച്ചു നെഞ്ചത്തു വെക്കണം. ബാക്കിയുള്ള റക്അഃതുകൾ രണ്ടാം റക്അഃത് നമസ്കരി ച്ചതു പോലെ നിർവ്വഹിക്കുക. ഈ റക്അഃതുകളുടെ നിറുത്തത്തിൽ ഫാതിഹഃ മാത്രം പാരായണം ചെയ്താൽ മതിയാകും.

17-രണ്ടിലധികം റക്അഃതുള്ള നമസ്കാരങ്ങളിൽ അവസാനത്തെ തശഹ് ഹുദിനു വേണ്ടി ഇരിക്കുന്ന രൂപത്തിന് 'തവർറുക്' എന്ന് പറയുന്നു. അതായത് വലതു കാൽപാദം നാട്ടിവെച്ചു, ഇടതു കാൽപാദം വലതു കണങ്കാലിനടിയിലൂടെ പുറത്തേക്കു വെച്ച് ചന്തി (പ്രഷ്ടം) നിലത്തു ഊന്നിയിരിക്കുക. കൈകൾ രണ്ടും ഒന്നാമത്തെ തശഹ്ഹുദിൽ വെച്ച തു പോലെ തന്നെ വക്കുക. ഈ ഇരുത്തത്തിൽ തശഹ്ഹുദിന്റെ മേൽ പറയപ്പെട്ട മുഴുവൻ രൂപവും (തശഹ്ഹുദും, സ്വലാതും, പ്രാർത്ഥന യും) ചൊല്ലിയ ശേഷം സലാം വീട്ടുക.

# നമസ്കാരത്തിന്റെ രൂപം



# മസ്ബൂക്വിന്റെ നമസ്കാരം

ഒന്നോ അതിലധികമോ റക്അഃത് ഇമാമിനെക്കാൾ പിന്നിലാവുന്നതിനാണ് മസ്ബൂക്വ് എന്നു പറയുക.

നമസ്കരിക്കുന്നവന് ഇമാമിന്റെ കൂടെ ലഭിക്കാതെ പോയ റക്അഃതുകൾ, ഇമാം സലാം വീട്ടിയ ശേഷം പൂർത്തിയാക്കണം. അങ്ങനെയുള്ളവരുടെ നമസ്കാരത്തിന്റെ തുടക്കം ഇമാമിന്റെ കൂടെ ലഭിച്ച റക്അഃതു മുതൽ ആയിരിക്കും. ഇമാമിന്റെ കൂടെ റുകൂഅ് ലഭിച്ചാൽ മാത്രമേ റക്അഃത്താവുകയുള്ളൂ. എന്നാൽ ഇമാമിന്റെ കൂടെ റുകൂഅ് പോലും ലഭിച്ചിട്ടില്ലെങ്കിൽ അവന്ന് ആ റക്അഃത് പൂർണ്ണമമായി നഷ്ടമായി. മസ്ബൂക്വ് ആയിക്കൊണ്ട് പള്ളിയിൽ പ്രവേശിക്കുന്നവൻ ഇമാം അടുത്ത റക്അഃതിലേക്കു എഴുന്നേൽക്കുന്നതു കാത്തുനിൽക്കാതെ, ഇമാം ഏത് അവസ്ഥയിലാണോ അതേ അവസ്ഥയിൽ ഇമാമിനെ ഉടനെ തുടരണം. അപ്പോഴും അവൻ തക്ബീറതുൽ ഇഹ്റാമോടെയാണ് നമസ്കാരത്തിൽ പ്രവേശിക്കേണ്ടത്. രോഗം പോലെ വല്ല അസൗകര്യവും ഉള്ളവരൊഴികെ.

# നമസ്കാരം മുറിയുന്ന കാര്യങ്ങൾ

താഴെ പറയുന്ന കാരണങ്ങളാൽ നമസ്കാരം ബാത്വിൽ (നിഷ്ഫലം) ആകും.

1- കരുതിക്കൂട്ടിയുള്ള സംസാരം. കുറച്ചാണെങ്കിലും നിഷ്ഫലമാകും.

2- ശരീരം മുഴുവനായി ക്വിബ്ലയുടെ ഭാഗത്തു നിന്ന് തെറ്റൽ.

3- വുദുവോ കുളിയോ നിർബന്ധമാകുന്ന കാര്യങ്ങൾ സംഭവിക്കൽ.

4- അത്യാവശ്യ ഘട്ടങ്ങളില്ലാതെ തുടരെത്തുടരെയുള്ള അധികമായ ചലനങ്ങൾ.

5- ചിരി. അൽപമാണെങ്കിലും.

6- റുകൂഅ്, സുജൂദ്, നിറുത്തം, ഇരുത്തം എന്നിവ കരുതിക്കൂട്ടി വർദ്ധിപ്പിക്കൽ.

7- കരുതിക്കൂട്ടി ഇമാമിനെ മുൻകടക്കൽ.

# നമസ്കാരത്തിലെ മറവി

നമസ്കാരത്തിൽ മറവി മൂലം- രണ്ടാമത്തെ റക്അഃതിലെ തശഹ്ഹുദ് പോലെയുള്ള ഏതെങ്കിലും ഒരു വാജിബ് മറന്നു-പിഴവു പറ്റി, നമസ്കാരത്തിൽ കുറവാണ് സംഭവിച്ചതെങ്കിൽ സലാം വീട്ടുന്നതിനു മുമ്പ് മറവിയുടെ സുജൂദ് രണ്ടെണ്ണം ചെയ്യുക.

മറവി മൂലം നമസ്കാരത്തിൽ വർദ്ധനവാണ് സംഭവിച്ചതെങ്കിൽ സലാം വീട്ടിയ ശേഷം രണ്ടു സുജൂദ് ചെയ്യണം.

നമസ്കാരത്തിലെ ഒരു റുക്നാണ് മറന്നതെങ്കിൽ ആ റുക്നിലേക്ക് തിരിച്ചു പോകുന്നതു കൊണ്ടു മാത്രമേ നമസ്കാരം സ്വഹീഹാകുകയുള്ളു. മറവിയുടെ സുജൂദും ചെയ്യണം.

## നമസ്കാരത്തിന്റെ വാജിബുകൾ

| | | | |
|---|---|---|---|
| 1 | തക്ബീറതുൽ ഇഹ്റാം ഒഴികെയുള്ള മുഴുവൻ തക്ബീറുകളും | 5 | സുജൂദിൽ സുബ്ഹേന റബ്ബിയൽ അഅ്ലാ എന്നു പറയൽ. |
| 2 | റുകൂഇൽ സുബ്ഹേന റബ്ബിയൽ അദ്വീം എന്നു പറയൽ. | 6 | സുജൂദിന്നിടയിൽ ഇരിക്കുമ്പോൾ റബ്ബിഗ് ഫിർലീ എന്നു ചൊല്ലൽ. |
| 3 | ഒറ്റക്ക്, അല്ലെങ്കിൽ ഇമാമയി നമസ്കരിക്കുന്നവൻ സമിഅഃല്ലാഹു ലിമൻ ഹെമിദ എന്നു പറയൽ. | 7 | ഒന്നാമത്തെ തശഹ്ഹുദ്. |
| 4 | റുകൂഇൽ നിന്നു ഉയർന്ന ശേഷം റബ്ബനാ വലകൽ ഹെംദു എന്ന് പറയുക. | 8 | ഒന്നാമത്തെ തശഹ്ഹുദിനു വേണ്ടിയുള്ള ഇരുത്തം. |

## നമസ്കാരത്തിന്റെ റുക്നുകൾ

| | | | |
|---|---|---|---|
| 1 | കഴിവുള്ളവൻ നിൽക്കൽ | 8 | സുജൂദുകൾക്കിടയിൽ ഇരുത്തം. |

| | | | |
|---|---|---|---|
| 2 | തക്ബീറതുൽ ഇഹ്റാം. | 9 | ശാന്തത (അടങ്ങിപ്പാർക്കൽ). |
| 3 | എല്ലാ റക്അഃതിലും ഫാതിഹഃ ഓതൽ. | 10 | അവസാനത്തെ തശഹ്ഹുദ്. |
| 4 | റുകൂഅ്. | 11 | അതിനു വേണ്ടിയുള്ള ഇരുത്തം. |
| 5 | ഇഅ്തിദാൽ (നിവർന്നു നിൽക്കൽ). | 12 | നബിയുടെ പേരിൽ സ്വലാത്. |
| 6 | സുജൂദ് (ഏഴ് അവയവങ്ങളിൽ). | 13 | സലാം വീട്ടൽ. |
| 7 | സുജൂദിൽ നിന്ന് ഉയരൽ. | 14 | റുക്നുകൾക്കിടയിൽ ക്രമം (തർതീബ്) പാലിക്കൽ. |

# നമസ്കാര ശേഷമുള്ള ദിക്റുകൾ

استغفر الله، استغفر الله، استغفر الله.

**അസ്തഗ്ഫിറുല്ലാഹ്** എന്ന് മൂന്നു പ്രാവശ്യം പറയുക.

**അർത്ഥം:** ഞാൻ അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നു.

اللهم أنت السلام ومنك السلام تباركت يا ذالجلال و الإكرام

**അല്ലാഹുമ്മ അൻതസ്സലാം, വമിൻകസ്സലാം, തബാറക്ത യാദൽ ജലാലി വൽ ഇക്റാം.**

**അർത്ഥം:** അല്ലാഹുവേ, നീയാണ് രക്ഷ, നിന്നിൽ നിന്നാണ് സമാധാനം, ഔന്നത്യവും ഔദാര്യവും ഉള്ളവനേ, നീ അനുഗ്രഹ പൂർണ്ണൻ.

لآ إله إلا الله وحده لآ شريك له، له الملك وله الحمد وهو على كل شيء قدير.

**ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക ലഹൂ, ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ കദീർ.**

**അർത്ഥം**: അല്ലാഹു ഒഴികെ ആരാധ്യനില്ല. അവന്നു യാതൊരു പങ്കാളിയുമില്ല. രാജാധിപത്യവും സ്തുതിയും അവന്നുള്ളതാകുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാകുന്നു.

اللهم لآ مانع لما أعطيت، ولآ معطي لما منعت، ولآ ينفع ذاالجد منك الجد.

**അല്ലാഹുമ്മ ലാ മാനിഅഃ ലിമാ അഅ്ത്വയ്ത, വലാ മുഅ്ത്വിയ ലിമാ മനഅ്ത, വലാ യൻഫഉ ദൽജദ്ദി മിൻകൽ ജദ്ദു.**

**അർത്ഥം**: അല്ലാഹുവേ, നീ നൽകിയത് തടയുന്നവനോ, നീ തടഞ്ഞത് നൽകുന്നവനോ ഇല്ല. സ്ഥാനമാനങ്ങൾ ഉള്ളവന്റെ പദവികൾ നിന്നിൽ നിന്നുള്ള സ്ഥാനത്തെക്കാൾ ഒട്ടും ഉപകാര പ്രദമല്ല.

لآ حول ولآ قوة إلا بالله، لآإله إلا الله ولآنعبد إلا إياه، له النعمة وله الفضل وله الثناء الحسن، لآإله إلا الله مخلصين له الدين ولو كره الكافرون.

**ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹി, ലാഇലിഹ ഇല്ലല്ലാഹു വലാ നഅ്ബുദു ഇല്ലാ ഇയ്യാഹു, ലഹുന്നിഅ്മതു വലഹുൽ ഫദ്‌ലു, വലഹുഥ്ഥനാഉൽ ഹസനു, ലാഇലാഹ ഇല്ലല്ലാഹു മുഖ്‌ലിസ്വീന ലഹുദ്ദീന, വലൗ കരിഹൽ കാഫിറൂൻ.**

**അർത്ഥം**: ഒരു കഴിവും ശക്തിയും അല്ലാഹുവിൽ നിന്നല്ലാതെ ഇല്ല. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ ഇല്ല, അവനെയല്ലാതെ ഞങ്ങൾ ആരാധിക്കുകയുമില്ല. മുഴുവൻ അനുഗ്രഹങ്ങളും അവന്റേതാകുന്നു. എല്ലാ പുകഴ്ത്തലുകളും അവന്നുള്ളതാകുന്നു. ആരാധനക്കർഹൻ അല്ലാഹു അല്ലാതെ ഇല്ല. സത്യനിഷേധികൾക്ക് വെറുപ്പാണെങ്കിലും ആരാധനകളെല്ലാം ഞങ്ങൾ അവനു മാത്രമാക്കുന്നു.

لآ إله إلا الله وحده لآ شريك له، له الملك وله الحمد يحيي ويميت وهو على كل شيء قدير.

**ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക ലഹൂ, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്യീ വയുമീതു വഹുവ അലാ കുല്ലി ശൈഇൻ കദീർ.**

**അർത്ഥം**: അല്ലാഹു ഒഴികെ ആരാധ്യനില്ല. അവന്നു യാതൊരു പങ്കാളിയുമില്ല. രാജാധിപത്യവും സ്തുതിയും അവന്നുള്ളതാകുന്നു. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാകുന്നു.

**പിന്നീട്**

سبحان الله، الحمد لله، الله أكبر

**സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ**

എന്നിവ മുപ്പത്തി മൂന്നു പ്രാവശ്യം വീതം ചൊല്ലുക. നൂറു തികക്കുവാൻ:

لآ إله إلا الله وحده لآ شريك له، له الملك وله الحمد وهو على كل شيء قدير.

**ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക ലഹൂ, ലഹുൽ മുൽകു വലഹുൽഹംദു വഹുവ അലാ കുല്ലി ശൈഇൻ കദീർ**

**എന്ന് ചൊല്ലുക.**

**അർത്ഥം**: അല്ലാഹു ഒഴികെ ആരാധ്യനില്ല. അവന്നു യാതൊരു പങ്കാളിയുമില്ല. രാജാധിപത്യവും സ്തുതിയും അവന്നുള്ളതാകുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാകുന്നു.

ആയതുൽ കുർസീ പാരായണം ചെയ്യുക.

﴿الله لآ إله إلا هو الحي القيوم لا تأخذه سنة ولا نوم له ما في السماوات وما في الأرض من ذاالذي يشفع عنده إلا بإذنه يعلم

ما بين أيديهم وما خلفهم ولا يحيطون بشيء من علمه إلا بما شآء وسع كرسيه السماوات والأرض ولا يئوده حفظهما وهو العلي العظيم﴾ البقرة:٢٥٥

**അല്ലാഹു ലാഇലാഹ ഇല്ലാഹുവൽ ഹെയ്യുൽ ഖയ്യൂം, ലാ തഅ്ഖുദുഹൂ സിനതുൻ വലാനൗമുൻ, ലഹൂ മാഫിസ്സമാവാതി വമാഫിൽ അർദ്വി, മൻദല്ലദീ യശ്ഫഉഃ ഇൻദഹൂ ഇല്ലാ ബിഇദ്നിഹീ, യഅ്ലമു മാബൈന അയ്ദീഹിം വമാഖൽഫഹും വലാ യുഹീത്വൂന ബി ശൈഇൻമ്മിൻ ഇൽമിഹീ ഇല്ലാബിമാശാഅ, വസിഅഃ കുർസിയ്യുഹു സ്സമാവാതി വൽഅർദ, വലാ യഊദുഹൂ ഹിഫ്ദുഹുമാ വഹുവൽ അലിയ്യുൽ അദ്വീം.**

തുടർന്ന് സൂറതുൽ ഇഖ്ലാസ്വ്, ഫലക്വ്, നാസ് എന്നിവ പാരായണം ചെയ്യുക. ഫജ്റിന്റെയും മഗ്രിബിന്റെയും ശേഷം ഈ മൂന്നു സൂറത്തുകളും മൂന്നു പ്രാവശ്യം വീതം പാരായണം ചെയ്യുക.

# റവാതിബ് സുന്നത്തുകൾ

ഓരോ മുസ്ലിം പുരുഷനും സ്ത്രീയും ഒരു ദിവസം-യാത്രയിലല്ലാത്തപ്പോൾ-പന്ത്രണ്ടു റക്അഃത് സുന്നത്ത് നമസ്കരിക്കണം. അവ ഇപ്രകാരമാകുന്നു:

| നമ്പർ | സമയം | മുമ്പ് | ശേഷം |
|---|---|---|---|
| 1 | ദ്വുഹ്ർ | 4 | 2 |
| 2 | അസ്വ്ർ | - | - |
| 3 | മഗ്രിബ് | - | 2 |
| 4 | ഇശാഅ് | - | 2 |
| 5 | ഫജ്ർ | 2 | - |

നബി ﷺ ഈ നമസ്കാരങ്ങൾ പതിവാക്കിയിരുന്നു. നബി ﷺ പറഞ്ഞു:

((من صلى اثنتي عشرة ركعة في يوم وليلة بني له بيت في الجنة)) مسلم

ഒരു ദിവസം (ഫർദല്ലാത്ത) പന്ത്രണ്ടു റക്അഃത് ആരെങ്കിലും നമസ്കരിച്ചാൽ അവന്നു വേണ്ടി സ്വർഗ്ഗത്തിൽ ഒരു ഭവനം നിർമ്മിക്കപ്പെടും. (മുസ്ലിം)

പ്രബലമായ മറ്റൊരു സുന്നത്താകുന്നു വിത്ർ (ഒറ്റയാക്കിയുള്ള) നമസ്കാരം. ഇശാ നമസ്കാരത്തിനു ശേഷം ഫജ്ർ വരെയാണ് ഇതിന്റെ സമയം. വിത്റും ഫജ്റിന്റെ മുമ്പുള്ള രണ്ടു റക്അഃതും നബി ﷺ യാത്രയിലോ അല്ലാത്തപ്പോളോ ഒഴിവാക്കാത്ത സുന്നത്താകുന്നു.

# അനുബന്ധം

1-ഫർദ് നമസ്കാരത്തിനു ഇക്വാമത് കൊടുത്താൽ പിന്നെ സുന്നത്ത് നമസ്കരിക്കാൻ പാടില്ല. നബി ﷺ പറഞ്ഞു:

((إذا أقيمت الصلاة فلا صلاة إلا المكتوبة)) رواه مسلم

നമസ്കാരത്തിനു ഇക്വാമത് വിളിക്കപ്പെട്ടാൽ പിന്നെ ഫർദല്ലാത്ത നമസ്കാരം പാടില്ല. (മുസ്ലിം)

2-ഇമാം ഉച്ചത്തിൽ ഓതുന്ന നമസ്കാരങ്ങളിൽ മഅ്മൂം ഇമാമിന്റെ പാരായണം ശ്രദ്ധിച്ചു കേൾക്കൽ നിർബന്ധമാകുന്നു. (ഇമാമിന്റെ കൂടെ പാരായണം ചെയ്യേണ്ടതില്ല.) ഫാതിഹഃ മാത്രം മഅ്മൂം ഓതണം. അത് പാരായണം ചെയ്യാത്തവന്റെ നമസ്കാരം സ്വീകാര്യമല്ല.

3-സ്വഫ്ഫിന്റെ പിന്നിൽ ഒരാൾ ഒറ്റക്കു നിന്നു നമസ്കരിക്കാൻ പാടുള്ളതല്ല. നബി ﷺ പറഞ്ഞു:

((لا صلاة لمنفرد خلف الصف)) ابن ماجه وأحمد

സ്വഫ്ഫിന്റെ പിറകിൽ ഒറ്റക്കു നിൽക്കുന്നവന് നമസ്കാരമില്ല. (ഇബ്നുമാജഃ, അഹ്മദ്)

മറ്റാരെങ്കിലും വരുന്നതു വരെ പ്രതീക്ഷിക്കാവുന്നതാണ്. സാധിക്കുമെങ്കിൽ ഇമാമിന്റെ വലതു വശത്തു പോയി നിൽക്കാവുന്നതുമാണ്. അല്ലെങ്കിൽ ഇമാം സലാം വീട്ടുന്നതു വരെ കാത്തു നിന്ന ശേഷം ഒറ്റക്കു നമസ്കരിക്കണം. (ഹെദീഥിന്റെ ബാഹ്യാർത്ഥ പ്രകാരം ശൈഖ് ഇബ്നു ബാസ് (റഹി:) മുൻതൂക്കം നൽകിയിട്ടുള്ള അഭിപ്രായമിതാണ്. എന്നാൽ ഹെദീഥിൽ പറയപ്പെട്ടിട്ടുള്ളത് പൂർണ്ണമാകാത്ത സ്വഫ്ഫ് ആണെന്നും, മറ്റു ഹെദീഥുകളുടെ പിൻബലത്തിൽ പൂർണ്ണമായ സ്വഫ്ഫിന്റെ പിന്നിൽ ഒരാൾക്കു ഒറ്റക്കു നമസ്കരിക്കാമെന്ന് മുഹെമ്മദുബ്നുസ്വാലിഹ് അൽ ഉഥൈമീൻ പോലെയുള്ള പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വിവ:)

4-ഒന്നാമത്തെ വരിയിൽ നമസ്കരിക്കുന്നത് വളരെ ഉത്തമമാണ്. കാരണം പുരുഷന്മാരുടെ വരികളിൽ ഏറ്റവും ഉത്തമം ഒന്നാമത്തേതാകുന്നു. അതു പോലെ തന്നെ ഇമാമിന്റെ വലതു വശത്തു നിന്നു നമസ്കരിക്കാനും ശ്രമിക്കണം. നബി ﷺ പറഞ്ഞു:

((خير صفوف الرجال أولها، وشرها أخرها. وخير صفوف النساء أخرها، وشرها أولها)) مسلم

പുരുഷന്മാരുടെ അണികളിൽ ഏറ്റവും ഉത്തമമായത് ആദ്യത്തേതും, മോശമായത് അവസാനത്തേതുമാകുന്നു. സ്ത്രീകളുടെ അണികളിൽ ഏറ്റവും ഉത്തമമായത് പിന്നിലുള്ളതും മോശമായത് മുന്നിലുള്ളതുമാണ്. (മുസ്ലിം)

((إن الله وملئكته يصلون على الذين يصلون ميامن الصفوف))
أبو داود

ഇമാമിന്റെ വലതു വശത്ത് നമസ്കരിക്കുന്നവർക്ക് അല്ലാഹുവും അവന്റെ മലക്കുകളും അനുഗ്രഹം നേരുന്നു. (അബൂദാവൂദ്).

5-അണികൾ നേരെയാക്കി, വിടവീകൾ അടച്ചു കൊണ്ട് നിൽക്കണം. നബി ﷺ പറഞ്ഞു:

((سوا صفوفكم، فإن تسوية الصفوف من تمام الصلاة)) متفق عليه

നിങ്ങളുടെ അണികൾ നിങ്ങൾ നേരെയാക്കുക. കാരണം അണികൾ നേരെയാക്കൽ നമസ്കാരത്തിന്റെ പൂർണ്ണതയിൽ പെട്ടതാകുന്നു. (ബു.മു)

6-നമസ്കരിക്കുന്നവന്റെ മുന്നിൽ ഒരു മറയുണ്ടായിരിക്കണം. സംഘമായി നമസ്കരിക്കുമ്പോൾ ഇമാമിനു മുന്നിൽ മറയുണ്ടായാൽ മതിയാകും. നമസ്കരിക്കുന്നവന്റെ മുന്നിൽ ആ മറക്ക് ഉള്ളിലൂടെ നടക്കുന്നത് നിഷിദ്ധമാകുന്നു.

7-ജമാഅ:ത് നമസ്കാരം കഴിഞ്ഞ ശേഷം പള്ളിയിൽ വരുന്നവനും മറ്റുള്ളവരുടെ കൂടെ ചേർന്ന് ജമാഅ:തായി നമസ്കരിക്കാൻ ശ്രമിക്കണം. ഫർദ്വ് നമസ്കരിക്കുന്നവന് സുന്നത്ത് നമസ്കരിക്കുന്നവനെ തുടർന്ന് ജമാഅ:തായി നമസ്കരിക്കാം. സുന്നത്തുകാരന് ഫർദ്വുകാരനെയും തുടർന്ന് നമസ്കരിക്കാം. മുആദ് ﷺ നബി ﷺ യുടെ കൂടെ ഇശാ നമസ്കരിക്കുകയും, തന്റെ ജനങ്ങളുടെ അടുത്തെത്തി അവർക്കു ഇമാമായി ഇശാ നമസ്കരിക്കുകയും ചെയ്യാറുണ്ടായിരുന്നു എന്ന് ജാബിറിൽ നിന്ന് ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്ത ഹദീഥാണ് ഇതിനു തെളിവ്.

# ചുരുക്കി നമസ്കരിക്കൽ (ക്വസ്ർ)

ഇത് യാത്രക്കാർക്കു മാത്രമുള്ള ഇളവാകുന്നു. നാലു റക്അ:തുള്ള നമസ്കാരങ്ങൾ രണ്ടാക്കി ചുരുക്കിയാണിത് നിർവ്വഹിക്കുക. ഓരോ റക്അ:തിലും ഫാതിഹഃയും സൂറത്തും ഓതണം. മൂന്നു റക്അ:തുള്ള മഗ്രിബ്, രണ്ടു റക്അ:തുള്ള ഫജ്ർ എന്നിവ ചുരുക്കി നമസ്കരിക്കാൻ പാടില്ല.

യാത്രക്കാരൻ ചുരുക്കി നമസ്കരിക്കുന്നതാണ് ഉത്തമം. കാരണം, നബി ﷺ തന്റെ യാത്രകളിലൊന്നിലും ചുരുക്കിക്കൊണ്ടല്ലാതെ നമസ്കരിച്ചിട്ടില്ല. നമസ്കാരം ചുരുക്കാനുള്ള യാത്രയുടെ ദൂരം എൺപതു കിലോമീറ്ററിൽ കൂടുതൽ ആകുന്നു. (ഇതിൽ അഭിപ്രായ ഭിന്നതയുണ്ട്.) ദൈവധിക്കാരപരമല്ലാത്ത ഏതു തരം യാത്ര ചെയ്യുന്നവനും ചുരുക്കി നമസ്ക

രിക്കാവുന്നതാണ്.

സ്വദേശത്തിന്റെ അതിർത്തി വിടുന്നതു മുതലാണ് ചുരുക്കി നമസ്കരിക്കാനുള്ള സമയം ആരംഭിക്കുക. യാത്ര എത്ര സുദീർഘമാണെങ്കിലും സ്വദേശത്ത് തിരിച്ചെത്തുന്നതു വരെ ചുരുക്കി നമസ്കരിക്കാവുന്നതാണ്. ഉദ്ദേശിച്ചു പുറപ്പെട്ട പ്രദേശത്ത് നാലോ അതിലധികമോ ദിവസം തങ്ങാൻ ഉദ്ദേശിക്കുന്നെങ്കിൽ അവിടെ വെച്ചു പൂർത്തിയാക്കി (ചുരുക്കാതെ) നമസ്കരിക്കണം.

യാത്രയിലായിരിക്കുമ്പോൾ മുസ്ലിമിന്-ഫജ്റിന്റെ മുമ്പുള്ള രണ്ടു റക്അഃതും വിത്റും ഒഴികെയുള്ള-സുന്നത്ത് നമസ്കാരങ്ങൾ ഉപേക്ഷിക്കാം. ഇവ രണ്ടും ഉപേക്ഷിക്കുന്നത് നല്ലതല്ല.

# ചേർത്തു നമസ്കരിക്കൽ (ജംഅ്)

ഒരു യാത്രക്കാരൻ ദ്വുഹ്ർ നമസ്കരിക്കുന്നു. ഉടൻ തന്നെ, ദ്വുഹ്റിന്റെ സമയത്ത് അസ്വ്റും നമസ്കരിക്കുന്നു. ഇതിനു ജംഉ തക്വ്ദീം (മുന്തിച്ചു, ചേർത്തുകൊണ്ടുള്ള നമസ്കാരം) എന്ന് പറയുന്നു. അല്ലെങ്കിൽ ഇവ രണ്ടും അസ്വ്റിന്റെ സമയത്ത് നിർവ്വഹിക്കുന്നു. ഇതിന് ജംഉ തഅ്ഖീർ (പിന്തിച്ചു, ചേർത്തു കൊണ്ടുള്ള നമസ്കാരം) എന്നു പറയുന്നു.

ഇതു പോലെ മഗ്‌രിബും ഇശാഉം, മുന്തിച്ചോ പിന്തിച്ചോ ചേർത്തു നമസ്കരിക്കാവുന്നതാണ്. നബി ﷺ തന്റെ തബൂക് യാത്രയിൽ ഇപ്രകാരം ചെയ്തു എന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഹദീഥ് പ്രകാരമാണിത്. യാത്രക്കാരന് നാലു റക്അഃതുള്ള നമസ്കാരങ്ങൾ ഒരേ സമയത്ത് ചേർത്തും ചുരുക്കിയും നമസ്കരിക്കാം.

ഒരു പ്രദേശത്തെ പള്ളിയിൽ വെച്ച് ജംഅ് ചെയ്തു നമസ്കരിക്കാം. ചുരുക്കാൻ പാടുള്ളതല്ല. മഴ, കാറ്റ്, അതിശൈത്യം എന്നിവ മൂലം ജമാഅഃതിനായി വീണ്ടും പള്ളിയിലേക്കു തിരിച്ചു വരാൻ വിഷമമുള്ളപ്പോളാണ് ഇങ്ങനെ ചെയ്യുക. മഴയുള്ള ഒരു രാത്രിയിൽ നബി ﷺ മഗ്‌രിബും ഇശാഉം ചേർത്തു നമസ്കരിച്ചതായി ബുഖാരി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

രോഗികൾക്ക് കൃത്യസമയത്ത് നമസ്കാരം നിർവ്വഹിക്കാൻ സാധിക്കാതെ വന്നാൽ ചേർത്തു നമസ്കരിക്കാവുന്നതാണ്.

# രോഗിയുടെ നമസ്കാരം

രോഗിയായ ഒരാൾക്ക് വടിയിലോ മറ്റോ ഊന്നിപ്പിടിച്ചോ, ചുമരിൽ ചാരി നിന്നോ നമസ്കരിക്കാൻ സാധ്യമല്ലാതെ വന്നാൽ ഇരുന്നു നമസ്കരിക്കാം. ഇരിക്കാനും സാധ്യമല്ലെങ്കിൽ ചെരിഞ്ഞു കിടന്നു കൊണ്ട് നിർവ്വഹിക്കണം. അതിനും സാധ്യമല്ലെങ്കിൽ, പാദങ്ങൾ ക്വിബ്‌ലക്ക് നേരെ നീട്ടി വെച്ചു, മലർന്നു കിടന്നു കൊണ്ട് നിർവ്വഹിക്കണം. സുജൂദ് റുകൂഇനെക്കാൾ താഴാൻ പ്രത്യേകം ശ്രദ്ധിക്കണം. റുകൂഉം സുജൂദും സാധ്യമല്ലാതെ വന്നാൽ തല കൊണ്ട് ആംഗ്യം കാണിക്കണം. ഏതൊരവസ്ഥയിലും നമസ്കാരം ഉപേക്ഷിക്കാൻ പാടില്ല. നബി ﷺ പറഞ്ഞു:

((صل قائما، فإن لم تستطع فقاعدا، فإن لم تستطع فصل على جنبك، فإن لم تستطع فمستلقيا)) البخاري

നീ നിന്നു നമസ്കരിക്കുക, സാധ്യമല്ലെങ്കിൽ ഇരിക്കുക. അതിനും സാധ്യമല്ലെങ്കിൽ നിന്റെ പാർശ്വത്തിന്മേൽ നിർവ്വഹിക്കുക. അതിനും സാധ്യമല്ലെങ്കിൽ മലർന്നു കിടന്നു നമസ്കരിക്കുക. (ബുഖാരീ)

# ജുമുഅഃ

ജുമുഅഃ നമസ്കാരം നിർബന്ധമാകുന്നു. ആഴ്ചയിലെ ഏറ്റവും മഹത്വമേറിയ ദിവസമാണ് വെള്ളിയാഴ്ച. അല്ലാഹു പറയുന്നു:

﴿يآ أيها الذين آمنوآ إذا نودي للصلاة من يوم الجمعة فاسعوا إلى ذكر الله وذروا البيع ذلكم خير لكم إن كنتم تعلمون﴾ الجمعة:٩

**സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിനു വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ.** (വി. ക്വു. 62:9)

## വെള്ളിയാഴ്ചയുടെ പ്രത്യേകതകൾ:

അന്നു കുളിക്കുക, വൃത്തിയുള്ള വസ്ത്രം ധരിക്കുക, ദുർഗന്ധമുണ്ടാക്കുന്ന വസ്തുക്കൾ ഉപേക്ഷിക്കുക എന്നിവ ചെയ്യണം. നമസ്കാരത്തിനായി പള്ളിയിലേക്ക് നേരത്തെ പുറപ്പെടുക. ഇമാം മിമ്പറിലേക്കു വരുന്നതു വരെ സുന്നത്ത് നമസ്കാരം, ക്വുർആൻ പാരായണം, ദിക്റുകൾ എന്നിവയിൽ മുഴുകുക. ഖുത്വ്ബഃയുടെ സമയത്ത് അത് സശ്രദ്ധം കേൾക്കുകയും മറ്റു കാര്യങ്ങളിൽ ജോലിയാകാതിരിക്കുകയും ചെയ്യണം. ഖുത്വ്ബഃയുടെ സമയത്ത് ശ്രദ്ധ പാലിക്കാത്തവൻ അനാവശ്യം ചെയ്തവനായിത്തീരും. അനാവശ്യം പ്രവർത്തിച്ചവന്ന് ജുമുഅഃ ഇല്ല. ഖുത്വ്ബഃയുടെ സമയത്ത് പരസ്പര സംസാരം നിഷിദ്ധമാകുന്നു.

ആദ്യമാദ്യം വരുന്നവർ മുന്നിലെ സ്വഫ്ഫിൽ ഇരിക്കണം. അതിൽ വിടവുകൾ വിട്ടേക്കരുത്. പിന്തി വരുന്നവർ മുന്നിലെ സ്വഫ്ഫിലേക്ക് മറ്റുള്ളവരുടെ ചുമലുകൾ ചാടിക്കടന്ന് വന്നു കൊണ്ട് മറ്റുള്ളവർക്ക് വിഷമുണ്ടാക്കരുത്.

വെള്ളിയാഴ്ച സൂറതുൽ കഹ്ഫ് പാരായണം ചെയ്യൽ സുന്നത്താകുന്നു. നബിﷺ പറഞ്ഞു:

((من قرأ سورة الكهف يوم الجمعة، سطع له نور من تحت قدمه إلى عنان السماء...)) رواه الحاكم والبيهقي

വെള്ളിയാഴ്ച ദിവസം ആരെങ്കിലും സൂറതുൽ കഹ്ഫ് പാരായണം ചെയ്താൽ അവന്റെ കാൽപാദം മുതൽ ആകാശം വരെ ഒരു പ്രകാശം ഉയർത്തപ്പെടും. (ഹേകിം, ബൈഹക്വീ)

പള്ളിയിൽ പ്രവേശിക്കുന്നവൻ-ഇമാം ഖുത്വ്ബഃ നിർവ്വഹിച്ചു കൊണ്ടിരിക്കെയാണെങ്കിലും-ഹ്യസ്വമായ രണ്ടു റക്അഃത് തഹിയ്യത്ത് നമസ്കരിച്ചതിനു ശേഷം മാത്രമേ ഇരിക്കാൻ പാടുള്ളൂ. നബിﷺ പറഞ്ഞു:

((إذا جاء أحدكم وقد خرج الإمام، فليصل ركعتين وليتجوز فيهما)) رواه مسلم

ഇമാം ഖുത്വ്ബഃ ആരംഭിച്ച ശേഷമാണെങ്കിലും നിങ്ങളാരെങ്കിലും പള്ളിയിൽ വരികയാണെങ്കിൽ അവൻ രണ്ടു റക്അഃത് ഹ്രസ്വമായി നമസ്കരിക്കട്ടെ. (മുസ്ലിം)

ഇമാം മിമ്പറിലെത്തി ബാങ്കു വിളിക്കപ്പെട്ടാൽ തഹിയ്യത്തല്ലാതെ മറ്റൊന്നും നമസ്കരിക്കരുത്. ജുമുഅഃക്ക് മുമ്പ് പ്രത്യേകമായി സുന്നത്ത് നമസ്കാരമില്ല.

**ഖുത്വ്ബഃ ആരംഭിച്ചാൽ**: ആരോടെങ്കിലും സലാം പറയാൻ നിൽക്കാതെ അതു ശ്രദ്ധിച്ചു കേൾക്കാനായി ശാന്തനായി ഇരിക്കണം. ഖുത്വ്ബഃ ഗ്രാഹ്യമല്ലാത്ത ഭാഷയിലാണെങ്കിലും ശ്രദ്ധിച്ചു കേൾക്കണം. അടുത്തുള്ളവർക്ക് ഹസ്തദാനം നടത്തരുത്.

ഇമാമിന്റെ കൂടെ ജുമുഅഃ ഒരു റക്അഃത് ലഭിച്ചവൻ ബാക്കി ജുമുഅഃ ആയി തന്നെ പൂർത്തിയാക്കണം. അബൂഹുറയ്റഃ ﷺ ഉദ്ധരിക്കുന്ന ഹെദീഥിൽ ഇങ്ങനെ കാണാം:

((من أدرك ركعة من الجمعة، فقد أدرك الجمعة)) رواه البيهقي

ജുമുഅഃയുടെ ഒരു റക്അഃത് ലഭിച്ചവന് ജുമുഅഃ ലഭിച്ചു. (ബൈഹക്വി)

ഒരു റക്അഃതു പോലും ലഭിച്ചില്ലെങ്കിൽ-രണ്ടാമത്തെ റക്അഃതിലെ റുകൂഅ് പോലും ലഭിച്ചിട്ടില്ലെങ്കിൽ-അവനു ജുമുഅഃ നഷ്ടമായി. അവൻ ദ്വുഹ്റിന്റെ നിയ്യത്തോടെ ഇമാമിന്റെ കൂടെ തുടരുകയും, ഇമാം സലാം വീട്ടിയ ശേഷം ദ്വുഹ്ർ (നാലു റക്അഃത്) പൂർത്തിയാക്കുകയും വേണം.

# വിത്ർ

ഒരു മുസ്ലിമിന് ഒഴിച്ചു കൂടാൻ പറ്റാത്ത ബലപ്പെട്ട സുന്നത്താകുന്നു വിത്ർ. രാത്രിയിലെ ഐച്ഛിക നമസ്കാരത്തിന്റെ അവസാനം ഒറ്റ റക്അഃതു കൊണ്ട് അവസാനിപ്പിക്കലാണ് ഇത്. ഇശാഇനു ശേഷം ഫജ്റിന്റെ മുമ്പ് വരെയാകുന്നു ഇതിന്റെ സമയം. വിത്റിന്റെ മുമ്പ് രണ്ടോ നാലോ-പത്തു വരെ-റക്അഃതുകൾ നമസ്കരിക്കൽ സുന്നത്താകുന്നു. അനന്തരം ഒരു റക്അഃതു നമസ്കരിച്ചു ഒറ്റയാക്കുക.

# ഫജ്റിന്റെ സുന്നത്ത്

വളരെ ബലപ്പെട്ട ഒരു സുന്നത്താണിത്. നബി ﷺ യാത്രയിലോ അല്ലാത്തപ്പോഴോ ഇത് ഒഴിവാക്കിയിരുന്നില്ല. ഹ്രസ്വമായ രണ്ടു റക്അഃതുകളാണിത്. ഉണ്മ പ്രഭാതം മുതൽ സുബ്ഹിന്റെ സമയം അവസാനിക്കും വരെയാണ് ഇതിന്റെ സമയം. ഫജ്ർ നമസ്കാരത്തിനു മുമ്പ് ഇതു നിർവ്വഹിക്കാൻ കഴിയാതെ പോയവർക്ക് ശേഷവും, അല്ലെങ്കിൽ ഓർമ്മ വരുമ്പോളും നമസ്കരിക്കാം. ദുഹ്റിന്റെ സമയമായാൽ ഇതിന്റെയും സമയം അവസാനിച്ചു.

# പെരുന്നാൾ നമസ്കാരം

പെരുന്നാൾ ദിവസം സൂര്യൻ ഉദിച്ചു ഒരു കുന്തത്തിന്റെയത്ര ഉയർന്നതു മുതൽ സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നു തെറ്റുന്നതു വരെയാണ് ഇതിന്റെ സമയം. ബലിപെരുന്നാൾ നമസ്കാരം നേരത്തെയും ചെറിയ പെരുന്നാൾ നമസ്കാരം അൽപം വൈകിയും നിർവ്വഹിക്കൽ സുന്നത്താകുന്നു. ചെറിയ പെരുന്നാൾ നമസ്കാരത്തിനു പുറപ്പെടുന്നതിനു മുമ്പ് ലഘുവായി വല്ലതും ഭക്ഷിക്കുന്നതും, ബലിപെരുന്നാൾ ദിവസം യാതൊന്നും ഭക്ഷിക്കാതെ പുറപ്പെടലും സുന്നത്താകുന്നു. ഹെദീഥിൽ ഇങ്ങനെ കാണാം:

((كان النبي ﷺ لا يخرج يوم الفطر حتى يفطر، ولا يطعم يوم النحر حتى يصلي)) رواه أحمد وغيره

നബി ﷺ ചെറിയ പെരുന്നാൾ ദിവസം പ്രാതൽ കഴിക്കാതെ നമസ്കാരത്തിനു പുറപ്പെടാറുണ്ടായിരുന്നില്ല. ബലി പെരുന്നാൾ ദിവസം നമസ്കരിക്കും വരെ യാതൊന്നും ഭക്ഷിക്കാറുമുണ്ടായിരുന്നില്ല. (അഹ്മദ്)

പെരുന്നാൾ നമസ്കാരം ഈദ്ഗാഹിലായിരിക്കലാകുന്നു സുന്നത്ത്. പള്ളിയിൽ ഹാജറാകാൻ തടസ്സമുള്ള സ്ത്രീകളും ഇതിൽ പങ്കാളികളായി ഈ ദിവസത്തിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കേണ്ടതുണ്ട്. അശുദ്ധിയുള്ള സ്ത്രീകൾ ഈദ്ഗാഹിൽ സന്നിഹിതരാകുകുകയും നമസ്

കാരമൊഴികെയുള്ള മുഴുവൻ കാര്യങ്ങളിലും പങ്കാളികളാവുകയും വേണം. പെരുന്നാളിന് നല്ല വസ്ത്രങ്ങൾ ധരിച്ചു മോടി കൂട്ടുന്നത് സുന്നത്താകുന്നു.

പെരുന്നാൾ നമസ്കാരം രണ്ടു റക്അഃതാകുന്നു. രണ്ടു റക്അഃതിലും ഇമാം ഉറക്കെ ഓതണം. ഖുത്വ്ബഃ നമസ്കാരത്തിനു ശേഷമാണ്. പെരുന്നാൾ നമസ്കാരത്തിനു ബാങ്കോ ഇക്വാമത്തോ മറ്റു തരത്തിലുള്ള വിളംബരമോ ഇല്ല.

തക്ബീറതുൽ ഇഹ്റാം ചൊല്ലുക. പ്രാരംഭ പ്രാർത്ഥന ചൊല്ലുക. അനന്തരം ആറു തക്ബീറുകൾ കൂടി ചൊല്ലുക. ഓരോ തക്ബീറിന്റെയും കൂടെ കൈ രണ്ടും ഉയർത്തണം. തക്ബീറുകൾക്കിടയിൽ യാതൊന്നും ചൊല്ലേണ്ടതില്ല. പിന്നീട് അഊദുവും ബിസ്മിയും ചൊല്ലി, ഫാതിഹഃ ഓതി, സൂറതും ഓതുക. രണ്ടാമത്തെ റക്അഃതിൽ അഞ്ചു തക്ബീറുകൾ ചൊല്ലണം. സുജൂദിൽ നിന്ന് ഉയരുമ്പോഴുള്ള തക്ബീർ കൂടാതെയാണ് ഈ അഞ്ചെണ്ണം.

പെരുന്നാൾ നമസ്കാരത്തിന്റെ മുമ്പോ ശേഷമോ സുന്നത്തു നമസ്കാരങ്ങളില്ല. പെരുന്നാൾ നമസ്കാരം ഒരു റക്അഃത് മാത്രം ഇമാമിന്റെ കൂടെ ലഭിച്ചവൻ, ഇമാം സലാം വീട്ടിയ ശേഷം എഴുന്നേറ്റു പൂർത്തിയാക്കണം. ഇമാം ഖുത്വ്ബഃ നടത്തിക്കൊണ്ടിരിക്കെയാണ് ഒരാൾ വരുന്നതെങ്കിൽ, ഖുത്വ്ബഃ ശ്രദ്ധിക്കുന്നതിനായി ഇരിക്കണം. ഖുത്വ്ബഃ അവസാനിച്ച ശേഷം എഴുന്നേറ്റു നമസ്കരിക്കണം. അന്നേരം ഒറ്റക്കാണെങ്കിലും ജമാഅഃത്താണെങ്കിലും കുഴപ്പമില്ല.

# മയ്യിത്ത് നമസ്കാരം

നബി ﷺ പറഞ്ഞു:

((من شهد الجنازة حتى يصلي عليها فله قيراط، ومن شهدها حتى تدفن فله قيراطان)) قيل: وما القيراطان؟ قال: ((مثل الجبلين العظيمين))
متفق عليه

ഒരാൾ ജനാസയിൽ സന്നിഹിതനായി അതിനു വേണ്ടി നമസ്കരിച്ചാൽ അവന്ന് ഒരു ക്വീറാത്വ് ലഭിക്കും. അതിനെ മറവു ചെയ്യുന്നതു വരെ സന്നി

ഹിതനായാൽ അവന്ന് രണ്ടു ക്വീറാത്വ് ലഭിക്കും. അന്നേരം ചോദിക്കപ്പെട്ടു: എന്താണ് രണ്ടു ക്വീറാത്വ്? നബി: രണ്ടു മഹാപർവ്വതങ്ങളുടെ അത്ര. (ബു.മു)

മയ്യിത് നമസ്കാരത്തിനും നിയ്യത്ത്, ക്വിബ്‌ലക്ക് അഭിമുഖമായി നിൽക്കൽ, നഗ്നത മറക്കൽ, ശുദ്ധി എന്നിവ ശർത്വ് (നിബന്ധന) ആകുന്നു.

അതിന്റെ രൂപം താഴെ പറയുന്നു:

പുരുഷ മയ്യിത്തിന്റെ നെഞ്ചിനു നേരെയും, സ്ത്രീ മയ്യിത്തിന്റെ മദ്ധ്യത്തിലും ഇമാം നിൽക്കണം. മറ്റുള്ളവരെല്ലാം അദ്ദേഹത്തിന്റെ പിന്നിൽ നിൽക്കണം. തക്ബീർ ചൊല്ലി, അഊദുവും ബിസ്മിയും ചൊല്ലി, ഫാതിഹഃ ഓതണം. വീണ്ടും തക്ബീർ ചൊല്ലിയ ശേഷം നബി ﷺ യുടെ പേരിൽ സ്വലാത് ചൊല്ലുക. (പേജ് 20 കാണുക.) മൂന്നാമതും തക്ബീർ ചൊല്ലിയ ശേഷം മയ്യിത്തിനു വേണ്ടി പ്രാർത്ഥിക്കുക. ഈ പ്രാർത്ഥന വിവിധ രൂപത്തിൽ നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ടിട്ടുണ്ട്. ബുഖാരിയിൽ വന്നിട്ടുള്ള രണ്ടു രൂപങ്ങൾ താഴെ കൊടുക്കുന്നു. ഇഷ്ടമുള്ളത് ചൊല്ലാവുന്നതാണ്:

**اللهم اغفر له وارحمه وعافه واعف عنه وأكرم نزله ووسع مدخله واغسله بالماء والثلج والبرد ونقه من الخطايا كما نقيت الثوب الأبيض من الدنس وأبدله دارا خيرا من داره وأهلا خيرا من أهله وزوجا خيرا من زوجه وأدخله الجنة وأعذه من عذاب القبر و من عذاب النار.**

അല്ലാഹുമ്മഗ്ഫിർ ലഹൂ വർഹംഹൂ, വ ആഫിഹീ വഅ്ഫു അൻഹൂ, വഅക്‌രിം നുസുലഹൂ വവസ്സിഅ് മുദ്ഖലഹൂ, വഗ്സിൽഹൂ ബിൽമാഇ വഥ്ഥൽജി വൽബറദി വനക്വ്ക്വിഹീ മിനൽ ഖത്വായാ കമാ നക്വ്ക്വയ്തഥ്ഥൗബൽ അബ്‌യദ മിനദ്ദനസി വഅബ്ദിൽഹൂ ദാറൻ ഖൈറൻ മിൻ ദാരിഹീ, വഅഹ്‌ലൻ ഖൈറൻ മിൻ അഹ്‌ലിഹീ, വസൗജൻ ഖൈറൻ മിൻ സൗജിഹീ വ അദ്ഖിൽഹുൽ ജന്നത്ത വക്വിഹീ മിൻ അദാബിൽ ക്വബ്‌രി വമിൻ അദാബിന്നാർ.

**അർത്ഥം:** അല്ലാഹുവേ, ഈ മയ്യിത്തിന് നീ പൊറുത്തു കൊടുക്കുകയും കാരുണ്യം ചെയ്യുകയും മാപ്പു നൽകുകയും സുഖം നൽകുകയും ചെയ്യേണമേ. ഇയാളുടെ വിരുന്ന് നീ ആദരിക്കുകയും പ്രവേശന മാർഗ്ഗം

വിശാലമാക്കുകയും, വെള്ളം, മഞ്ഞ് എന്നിവ കൊണ്ട് കഴുകുകയും, വെള്ള വസ്ത്രം അഴുക്കിൽ നിന്നു ശുദ്ധിയാക്കുന്നതു പോലെ പാപങ്ങളിൽ നിന്ന് ശുദ്ധമാക്കുകയും ചെയ്യേണമേ. ഇയാളുടെ വീടിനെക്കാൾ ഉത്തമമായ ഭവനവും, ബന്ധുക്കളെക്കാൾ ഉത്തമമായ ബന്ധുക്കളും, ഇണയെക്കാൾ ഉത്തമമായ ഇണയും നീ പകരം നൽകേണമേ. സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ക്വബ്റിലെയും നരകത്തിലെയും ശിക്ഷയിൽ നിന്ന് രക്ഷിക്കുകയും ചെയ്യേണമേ.

اللهم اغفر لحينا وميتنا وصغيرنا وكبيرنا وذكرنا وأنثانا وشاهدنا وغائبنا اللهم من أحييته منا فأحيه على الإيمان ومن توفيته منا فتوفه على الإسلام اللهم لا تحرمنا أجره ولا تضلنا بعده.

അല്ലാഹുമ്മഗ്ഫിർ ലി ഹെയ്യിനാ വമയ്യിത്തിനാ, വസ്വഗീരിനാ വകബീരിനാ, വദകരിനാ വഉൻഥാനാ, വശാഹിദിനാ വഗായിബിനാ. അല്ലാഹുമ്മ മൻ അഹ്യയ്തഹൂ മിന്നാ ഫഅഹ്യിഹീ അലൽ ഈമാനി, വമൻ തവഫ്ഫയ്തഹൂ ഫതവഫ്ഫഹൂ അലൽ ഇസ്ലാമി. അല്ലാഹുമ്മ ലാ തഹ്രിംനാ അജ്റഹൂ വലാ തുദില്ലനാ ബഅ്ദഹൂ.

**അർത്ഥം**: അല്ലാഹുവേ, ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും, ചെറിയവർക്കും വലിയവർക്കും, പുരുഷന്മാർക്കും സ്ത്രീകൾക്കും, ഹാജറുള്ളവർക്കും ഇല്ലാത്തവർക്കും നീ പൊറുത്തു കൊടുക്കേണമേ. അല്ലാഹുവേ, ഞങ്ങളിൽ നിന്നും നീ ജീവിപ്പിക്കുന്നവരെ ഈമാനോടെ ജീവിപ്പിക്കുകയും മരിപ്പിക്കുന്നവരെ ഇസ്ലാമോടെ മരിപ്പിക്കുകയും ചെയ്യേണമേ. അല്ലാഹുവേ, ഇതിന്റെ പ്രതിഫലം ഞങ്ങൾക്കു നീ തടയരുത്, ഇദ്ദേഹത്തിനു ശേഷം ഞങ്ങളെ ദുർമാർഗ്ഗത്തിലാക്കുകയും ചെയ്യരുത്.

നാലാമതു തക്ബീർ ചൊല്ലി, അൽപം നിന്ന ശേഷം വലതു വശത്തേക്കു മാത്രം ഒരു സലാം വീട്ടുക.

ഒരു സ്ത്രീ പ്രസവിച്ചത് ചാപിള്ളയാണെങ്കിൽ, ഗർഭം നാലു മാസമോ അതിലധികമോ പ്രായമായതാണെങ്കിൽ ആ ചാപിള്ളക്കു മയ്യിത് നമസ്കരിക്കണം. നാലു മാസത്തിൽ കുറവാണെങ്കിൽ നമസ്കരിക്കേണ്ടതില്ല.

# ഉള്ളടക്കം


| നമ്പർ | വിഷയം | പുറം |
|---|---|---|
| 1 | ശുദ്ധി | 3 |
| 2 | നജസിന്റെ വിധികൾ | 3 |
| 3 | മലമൂത്ര വിസർജ്ജനം | 4 |
| 4 | വുദു | 5 |
| 5 | പാദരക്ഷയിൽ തടവൽ | 8 |
| 6 | വുദു മുറിയുന്ന കാര്യങ്ങൾ | 9 |
| 7 | കുളി | 9 |
| 8 | തയമ്മും | 10 |
| 9 | നമസ്കാരം | 11 |
| 10 | നമസ്കാരത്തിന്റെ രൂപം | 12 |
| 11 | മസ്ബൂക്കിന്റെ നമസ്കാരം | 21 |
| 12 | നമസ്കാരം മുറിയുന്ന കാര്യങ്ങൾ | 23 |
| 13 | നമസ്കാരത്തിലെ മറവി | 23 |
| 14 | നമസ്കാര ശേഷമുള്ള ദിക്റുകൾ | 25 |
| 15 | റവാതിബ് സുന്നത്തുകൾ | 28 |
| 16 | അനുബന്ധം | 29 |
| 17 | ചുരുക്കി നമസ്കരിക്കൽ | 31 |
| 18 | ചേർത്തു നമസ്കരിക്കൽ | 32 |
| 19 | രോഗിയുടെ നമസ്കാരം | 32 |
| 20 | ജുമുഅഃ | 33 |
| 21 | വിത്ർ | 35 |
| 22 | ഫജ്റിന്റെ സുന്നത്ത് | 35 |
| 23 | പെരുന്നാൾ നമസ്കാരം | 36 |
| 24 | മയ്യിത്ത് നമസ്കാരം | 37 |